# ശ്രീമദ്ഭഗവദ്ഗീതാ നാമാവലി (അർത്ഥസഹിതം)

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| | | | | |
| | | | ഓം | ഓം |
| | | | ഹരിഃ ശ്രീ ഗണപതയേ നമഃ | വിഘ്നഹർത്താവും ഹരിഗണങ്ങളുടെയും (സ്വരങ്ങളുടെയും) ശ്രീഗണങ്ങളുടെയും (വ്യഞ്ജനങ്ങളുടെയും) അധിപതിയുമായ ശ്രീമഹാഗണപതിയ്ക്ക് നമസ്കാരം |
| | | | ശ്രീ മഹാസരസ്വത്യൈ നമഃ | വിദ്യാസ്വരൂപിണിയായ മഹാസരസ്വതീദേവിയ്ക്ക് നമസ്കാരം |
| | | | നമഃ ശിവായൈ ച നമഃ ശിവായ | ജഗന്മാതാവായ ശ്രീപാർവതീദേവിയ്ക്കും ജഗത്പിതാവായ പരമേശ്വരനും നമസ്കാരം |
| | | | ഓം നമോ നാരായണായ | ജഗത്പാലകനായ ശ്രീനാരായണസ്വാമിയ്ക്ക് നമസ്കാരം |
| | | | ഓം പാർത്ഥസാരഥയേ നമഃ | അർജ്ജുനന്റെ തേരാളിയും ആത്മീയാചാര്യനുമായ ശ്രീകൃഷ്ണഭഗവാന് നമസ്കാരം |
| | | | ഓം ശ്രീഗുരുഭ്യോ നമഃ | ഗുരുദേവന്മാർക്ക് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | **ഭഗവന്നാമങ്ങൾ** | **അർത്ഥം മലയാളത്തിൽ** |
|---|---|---|---|---|
| | | | | |
| | | | | |
| 1 | 1 | 14 | മാധവായ നമഃ | മാധവന് (ലക്ഷ്മീപതിയായ ഭഗവാന്) നമസ്കാരം |
| 2 | 1 | 15 | ഹൃഷീകേശായ നമഃ | ഹൃഷീകേശന് (ഇന്ദ്രിയങ്ങളുടെ നിയന്താവായ ഭഗവാന്) നമസ്കാരം |
| 3 | 1 | 21 | അച്യുതായ നമഃ | അച്യുതന് (നാശമില്ലാത്ത ഭഗവാന്) നമസ്കാരം |
| 4 | 1 | 29 | കൃഷ്ണായ നമഃ | ശ്രീകൃഷ്ണന് (കാർമുകിൽവർണ്ണനായ ഭഗവാന്) നമസ്കാരം |
| 5 | 1 | 31 | കേശവായ നമഃ | കേശവന് (കേശിയെ വധിച്ച ഭഗവാന്) നമസ്കാരം |
| 6 | 1 | 32 | ഗോവിന്ദായ നമഃ | ഗോവിന്ദന് (ഗോക്കളെയും ഗോകുലത്തെയും സർവദാ പരിപാലിയ്ക്കുന്ന ഭഗവാന്) നമസ്കാരം |
| 7 | 1 | 35 | മധുസൂദനായ നമഃ | മധുസൂദനന് (മധു എന്ന അസുരനെ വധിച്ച ഭഗവാന്) നമസ്കാരം |
| 8 | 1 | 36 | ജനാർദ്ദനായ നമഃ | ജനാർദ്ദനന് (ജനങ്ങളിൽ ആർദ്രതയോടുകൂടിയ ഭഗവാന്) നമസ്കാരം |
| 9 | 2 | 2 | ശ്രീഭഗവതേ നമഃ | ഭഗവാന് {ഭഗം = ഐശ്വര്യം, വീര്യം, യശസ്സ്, ശ്രീ, ജ്ഞാനം, വൈരാഗ്യം - എന്നിവയെല്ലാം തികഞ്ഞവന്) നമസ്കാരം |
| 10 | 2 | 4 | അരിസൂദനായ നമഃ | ശത്രുക്കളെ നിഗ്രഹിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 11 | 2 | 24 | അച്ഛേദ്യായ നമഃ | ഛേദിയ്ക്കപ്പെടുവാൻ കഴിയാത്ത ഭഗവാന് നമസ്കാരം |
| 12 | 2 | 24 | അദാഹ്യായ നമഃ | ദഹിപ്പിയ്ക്കപ്പെടുവാൻ കഴിയാത്ത ഭഗവാന് നമസ്കാരം |
| 13 | 2 | 24 | അക്ലേദ്യായ നമഃ | ശിഥിലമാക്കപ്പെടുവാൻ/നനയ്ക്കപ്പെടുവാൻ കഴിയാത്ത ഭഗവാന് നമസ്കാരം |
| 14 | 2 | 24 | അശോഷ്യായ നമഃ | ശോഷിപ്പിക്കപ്പെടുവാൻ കഴിയാത്ത ഭഗവാന് നമസ്കാരം |
| 15 | 2 | 24 | നിത്യായ നമഃ | നിത്യനായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 16 | 2 | 24 | സർവഗതായ നമഃ | സർവ്വവ്യാപിയായ ഭഗവാന് നമസ്കാരം |
| 17 | 2 | 24 | സ്ഥാണവേ നമഃ | സ്ഥിരസ്വഭാവനായ ഭഗവാന് നമസ്കാരം |
| 18 | 2 | 24 | അചലായ നമഃ | അചലനായ ഭഗവാന് നമസ്കാരം |
| 19 | 2 | 24 | സനാതനായ നമഃ | ശാശ്വതനായ ഭഗവാന് നമസ്കാരം |
| 20 | 2 | 25 | അവ്യക്തായ നമഃ | അവ്യക്തനായ ഭഗവാന് നമസ്കാരം |
| 21 | 2 | 25 | അചിന്ത്യായ നമഃ | ചിന്തിയ്ക്കപ്പെടുവാൻ കഴിയാത്ത ഭഗവാന് നമസ്കാരം |
| 22 | 2 | 25 | അവികാര്യായ നമഃ | മാറ്റപ്പെടുവാൻ കഴിയാത്ത ഭഗവാന് നമസ്കാരം |
| 23 | 2 | 30 | അവധ്യായ നമഃ | വധിയ്ക്കപ്പെടുവാൻ കഴിയാത്ത  ഭഗവാന് നമസ്കാരം |
| 24 | 2 | 30 | സർവഭൂതാവാസായ നമഃ | എല്ലാ ജീവികളിലും വസിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 25 | 2 | 51 | അനാമയപദായ നമഃ | ഉപദ്രവങ്ങളില്ലാത്ത പരമപദത്തിൽ സ്ഥിതനായ ഭഗവാന് നമസ്കാരം |
| 26 | 3 | 36 | വാർഷ്ണേയായ നമഃ | വൃഷ്ണിവംശത്തിൽപ്പിറന്ന ഭഗവാന് നമസ്കാരം |
| 27 | 4 | 5 | സർവവിദേ നമഃ | സർവജ്ഞനായ ഭഗവാന് നമസ്കാരം |
| 28 | 4 | 6 | അജായ നമഃ | ജനിയ്ക്കാത്ത ഭഗവാന് നമസ്കാരം |
| 29 | 4 | 6 | അവ്യയാത്മനേ നമഃ | നാശമില്ലാത്ത ആത്മാവായ ഭഗവാന്  നമസ്കാരം |
| 30 | 4 | 6 | ഭൂതാനാം ഈശ്വരായ നമഃ | എല്ലാ ജീവികളുടെയും നിയന്താവായ ഭഗവാന് നമസ്കാരം |
| 31 | 4 | 6 | സ്വാം പ്രകൃതിം അധിഷ്ഠായാത്മമായയാവതീർണ്ണായ നമഃ | സ്വന്തം അധീനതയിലുള്ള മൂലപ്രകൃതിയെ ഉപാധിയായി സ്വീകരിച്ച് ദേഹം ധരിച്ച ഭഗവാന് നമസ്കാരം |
| 32 | 4 | 8 | സാധൂനാം പരിത്രാണായ ദുഷ്കൃതാം വിനാശായ ച യുഗേ യുഗേഽവതാരകൃതേ നമഃ | സാധുക്കളുടെ സംരക്ഷയ്ക്കായ്ക്കൊണ്ടും ദുഷ്ക്കർമ്മികളുടെ മൂലനാശത്തിനായ്ക്കൊണ്ടും ധർമ്മത്തിന്റെ സ്ഥിരപ്രതിഷ്ഠയ്ക്കായ്ക്കൊണ്ടും യുഗം തോറും അവതരിയ്ക്കുന്ന ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 33 | 4 | 13 | ഗുണകർമ്മവിഭാഗശഃ ചാതുർവർണ്യസ്യ സ്രഷ്ട്രേ കർത്രേ ചാപ്യകർത്രേ നമഃ | ഗുണങ്ങളുടെയും കർമ്മങ്ങളുടെയും വിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർണ്ണങ്ങളെ സൃഷ്ടിച്ച് കർത്താവും അകർത്താവും നാശരഹിതനുമായിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 34 | 4 | 13 | അവ്യയായ നമഃ | നാശരഹിതനായിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 35 | 4 | 14 | കർമ്മേഭ്യോ/ലിപ്തായ നമഃ | കർമ്മങ്ങളാൽ സ്പർശിയ്ക്കപ്പെടാത്ത ഭഗവാന് നമസ്കാരം |
| 36 | 4 | 14 | കർമ്മഫലേഷു സ്പൃഹാരഹിതായ നമഃ | കർമ്മഫലങ്ങളിൽ ആഗ്രഹമില്ലാത്ത ഭഗവാന് നമസ്കാരം |
| 37 | 4 | 24 | സർവയജ്ഞസാധനരൂപായ നമഃ | സർവയജ്ഞസാധനസ്വരൂപനായ ഭഗവാന് നമസ്കാരം |
| 38 | 4 | 24 | യജ്ഞകർത്രേ നമഃ | യജ്ഞകർത്താവായ ഭഗവാന് നമസ്കാരം |
| 39 | 4 | 24 | അഗ്നിഃഹവിഃഹുതരൂപായ നമഃ | യജ്ഞാഹുതിയും ബ്രഹ്മമാകുന്ന യാഗാഗ്നിയുമാകുന്ന ഭഗവാന് നമസ്കാരം |
| 40 | 4 | 24 | യജ്ഞമയായ നമഃ | സമ്പൂർണയജ്ഞസ്വരൂപനായ ഭഗവാന് നമസ്കാരം |
| 41 | 4 | 24 | ബ്രഹ്മണേ നമഃ | ബ്രഹ്മസ്വരൂപനായ ഭഗവാന് നമസ്കാരം |
| 42 | 5 | 5 | സാങ്ഖ്യൈഃ യോഗൈശ്ച യത് സ്ഥാനം പ്രാപ്യതേ തത് സ്ഥാനദായകായ നമഃ | ബ്രഹ്മജ്ഞാനികളാലും നിഷ്കാമകർമ്മികളാലും പ്രാപിയ്ക്കപ്പെടുന്ന പരമപദത്തെ പ്രദാനം ചെയ്യുന്ന ഭഗവാന് നമസ്കാരം |
| 43 | 5 | 7 | സർവഭൂതാത്മനേ നമഃ | സർവഭൂതങ്ങളിലും ആത്മാവായിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 44 | 5 | 14 | പ്രഭവേ നമഃ | സർവശക്തനായ  ഭഗവാന് നമസ്കാരം |
| 45 |  | 15 | വിഭവേ നമഃ | സർവവ്യാപിയായ ഭഗവാന് നമസ്കാരം |
| 46 | 5 | 24 | ബ്രഹ്മനിർവാണദായകായ നമഃ | വിദേഹകൈവല്യപദമാകുന്ന പരമപദത്തെ പ്രദാനം ചെയ്യുന്ന ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 47 | 5 | 29 | യജ്ഞതപസാം ഭോക്ത്രേ നമഃ | യജ്ഞങ്ങളുടെയും തപസ്സുകളുടെയും ഫലങ്ങളെ അനുഭവിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 48 | 5 | 29 | സർവലോകമഹേശ്വരായ നമഃ | സർവലോകങ്ങളുടേയും പരമനിയന്താവായ ഭഗവാന് നമസ്കാരം |
| 49 | 5 | 29 | സർവഭൂതാനാം സുഹൃദേ നമഃ | സർവപ്രാണികളുടെയും സുഹൃത്തായ ഭഗവാന് നമസ്കാരം |
| 50 | 6 | 7 | പരമാത്മനേ നമഃ | പരമാത്മാവായ ഭഗവാന് നമസ്കാരം |
| 51 | 6 | 29 | സർവഭൂതസ്ഥായാത്മനേ നമഃ | സർവപ്രാണികളിലും ആത്മാവായി സ്ഥിതിചെയ്യുന്ന ഭഗവാന് നമസ്കാരം |
| 52 | 6 | 29 | സർവഭൂതാശ്രയായ നമഃ | സർവ്വപ്രാണികൾക്കും ആശ്രയമായ ഭഗവാന് നമസ്കാരം |
| 53 | 6 | 31 | സർവഭൂതസ്ഥിതായ ഏകസ്മൈ നമഃ | സർവഭൂതങ്ങളിലും വ്യാപിച്ചിരിയ്ക്കുന്ന ഏകനായ ഭഗവാന് നമസ്കാരം |
| 54 | 7 | 2 | സർവവിജ്ഞാനജ്ഞാനവക്ത്രേ നമഃ | വിജ്ഞാനസഹിതമായ ജ്ഞാനത്തെ ഉപദേശിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 55 | 7 | 4 | അഷ്ടധാ ഭിന്നാപരാപ്രകൃതിധാരകായ നമഃ | ഏട്ടു വിധത്തിൽ (ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നീ എട്ടു വിധത്തിൽ) ഭിന്നമായ അപരാപ്രകൃതിയെ (മായയെ) ധരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 56 | 7 | 5 | ജീവഭൂതാം പരാപ്രകൃതിധാരകായ നമഃ | ജീവസ്വരൂപയായ പരാപ്രകൃതിയെ ധരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 57 | 7 | 6 | കൃത്സ്നസ്യ ജഗതഃ പ്രഭവായ പ്രലയായ ച നമഃ | മുഴുവൻ ജഗത്തിന്റെയും പ്രഭവസ്ഥാനവും പ്രളയസ്ഥാനവുമായ ഭഗവാന് നമസ്കാരം |
| 58 | 7 | 7 | യസ്മാത് പരതരം കിഞ്ചിത് നാസ്തി തസ്മൈ നമഃ | ഏതൊന്നിൽനിന്ന് അന്യമായിട്ടോ ഉത്ക്കൃഷ്ടമായിട്ടോ മറ്റൊന്നുമില്ലയോ ആ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | **ഭഗവന്നാമങ്ങൾ** | **അർത്ഥം മലയാളത്തിൽ** |
|---|---|---|---|---|
| 59 | 7 | 7 | യസ്മിൻ സർവം സൂത്രേ മണിഗണാ ഇവ പ്രോതം തസ്മൈ നമഃ | ഏതൊന്നിൽ ചരടിൽ മണിഗണങ്ങൾ പോലെ ഈ സകലവും കോർക്കപ്പെട്ടിരിയ്ക്കുന്നുവോ ആ ഭഗവാന് നമസ്കാരം |
| 60 | 7 | 8 | അപ്സു രസരൂപായ നമഃ | ജലത്തിൽ രസരൂപനായ ഭഗവാന് നമസ്കാരം |
| 61 | 7 | 8 | ശശിസൂര്യയോഃ പ്രഭാസ്വരൂപായ നമഃ | ചന്ദ്രസൂര്യന്മാരിൽ പ്രഭാസ്വരൂപനായ ഭഗവാന് നമസ്കാരം |
| 62 | 7 | 8 | സർവവേദേഷു പ്രണവസ്വരൂപായ നമഃ | സർവ്വവേദങ്ങളിലും പ്രണവസ്വരൂപനായിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 63 | 7 | 8 | ഖേ ശബ്ദരൂപായ നമഃ | ആകാശത്തിൽ ശബ്ദസ്വരൂപനായ ഭഗവാന് നമസ്കാരം |
| 64 | 7 | 9 | നൃഷു പൌരുഷരൂപായ നമഃ | മനുഷ്യരിൽ പൗരുഷസ്വരൂപനായ ഭഗവാന് നമസ്കാരം |
| 65 | 7 | 9 | പൃഥിവ്യാം പുണ്യഗന്ധരൂപായ നമഃ | പൃഥ്വിയിൽ പുണ്യഗന്ധസ്വരൂപനായ ഭഗവാന് നമസ്കാരം |
| 66 | 7 | 9 | വിഭാവസൌ തേജോരൂപായ നമഃ | അഗ്നിയിൽ തേജസ്സ്വരൂപനായ ഭഗവാന് നമസ്കാരം |
| 67 | 7 | 9 | സർവഭൂതേഷു ജീവനസ്വരൂപായ നമഃ | സകലഭൂതങ്ങളിലും ജീവനകാരണമായ ഭഗവാന് നമസ്കാരം |
| 68 | 7 | 9 | തപസ്വിഷു തപോരൂപായ നമഃ | തപസ്വികളിൽ തപസ്സ്വരൂപനായ ഭഗവാന് നമസ്കാരം |
| 69 | 7 | 10 | സർവഭൂതാനാം ബീജരൂപായ നമഃ | സർവഭൂതങ്ങളുടേയും ആദികാരണമായ ഭഗവാന് നമസ്കാരം |
| 70 | 7 | 10 | ബുദ്ധിമതാം ബുദ്ധിരൂപായ നമഃ | ബുദ്ധിമാന്മാരുടെ ബുദ്ധിസ്വരൂപനായ ഭഗവാന് നമസ്കാരം |
| 71 | 7 | 10 | തേജസ്വിനാം തേജോരൂപായ നമഃ | തേജസ്വികളുടെ തേജോരൂപനായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 72 | 7 | 11 | ബലവതാം കാമരാഗവിവർജ്ജിതബലസ്വരൂപായ നമഃ | ബലവാന്മാരുടെ കാമത്തോടും രാഗത്തോടും ചേർച്ചയില്ലാത്തതായ ബലസ്വരൂപനായ ഭഗവാന് നമസ്കാരം |
| 73 | 7 | 11 | ഭൂതേഷു ധർമ്മാവിരുദ്ധകാമരൂപായ നമഃ | ജീവികളിലെ ധർമവിരോധിയല്ലാത്ത കാമസ്വരൂപനായ ഭഗവാന് നമസ്കാരം |
| 74 | 7 | 12 | ത്രിഗുണാനാം പ്രഭവായ നമഃ | ത്രിഗുണങ്ങളുടെ പ്രഭവസ്ഥാനമായ ഭഗവാന് നമസ്കാരം |
| 75 | 7 | 12 | ത്രിഗുണരഹിതായ നമഃ | ത്രിഗുണരഹിതനായ  ഭഗവാന് നമസ്കാരം |
| 76 | 7 | 12 | ഗുണേഷ്വസക്തായ നമഃ | ത്രിഗുണങ്ങളിൽ സക്തനല്ലാത്ത ഭഗവാന് നമസ്കാരം |
| 77 | 7 | 13 | ഇദം സർവം ജഗത് ഗുണമയൈഃ ത്രിഭിഃ ഭാവൈഃ മോഹകായ നമഃ | സർവലോകത്തെയും ത്രിഗുണപരിണാമങ്ങളായ ഭാവങ്ങളാൽ (വിഷയങ്ങളാൽ) മോഹിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 78 | 7 | 13 | പരസ്മൈ ദുർജ്ഞേയായ നമഃ | മായയ്ക്കതീതനും എളുപ്പത്തിൽ അറിയപ്പെടുവാനാവാത്തവനുമായ ഭഗവാന് നമസ്കാരം |
| 79 | 7 | 14 | പ്രപന്നാനാം മായാതാരകായ നമഃ | ശരണം പ്രാപിയ്ക്കുന്നവരെ മായയെ തരണം ചെയ്യിപ്പിയ്ക്കുന്ന  ഭഗവാന് നമസ്കാരം |
| 80 | 7 | 15 | ദുഷ്കൃതിഭിഃ മൂഢൈഃ അപ്രാപ്യായ നമഃ | ദുഷ്ക്കർമ്മികളാലും അറിവില്ലാത്തവരാൽ അപ്രാപ്യനായ ഭഗവാന് നമസ്കാരം |
| 81 | 7 | 15 | മായയാപഹൃതജ്ഞാനൈഃ ആസുരഭാവാശ്രിതൈഃ അപ്രാപ്യായ നമഃ | മായയാൽ അപഹരിയ്ക്കപ്പെട്ട ജ്ഞാനത്തോടുകൂടിയവരാൽ  ആസുരഭാവത്തെ ആശ്രയിച്ചവരാൽ അപ്രാപ്യനായ ഭഗവാന് നമസ്കാരം |
| 82 | 7 | 17 | ജ്ഞാനിവത്സലായ നമഃ | ജ്ഞാനികളിൽ വാത്സല്യത്തോടുകൂടിയ ഭഗവാന് നമസ്കാരംം |
| 83 | 7 | 19 | വാസുദേവായ നമഃ | വസുദേവപുത്രനായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 84 | 7 | 22 | ഭക്താനാം കാമപൂരകായ നമഃ | ഭക്തന്മാരുടെ അഭീഷ്ടങ്ങളെ പൂർത്തിയാക്കിക്കൊടുക്കുന്ന ഭഗവാന് നമസ്കാരം |
| 85 | 7 | 24 | അനുത്തമായ നമഃ | അത്യുത്തമനായ ഭഗവാന് നമസ്കാരം |
| 86 | 7 | 24 | പരസ്മൈ നമഃ | ബുദ്ധ്യാദികളിൽനിന്ന് വേറിട്ടവനായ ഭഗവാന് നമസ്കാരം |
| 87 | 7 | 25 | യോഗമായാസമാവൃതായ നമഃ | യോഗമായയാൽ ആവരണം ചെയ്യപ്പെട്ട ഭഗവാന് നമസ്കാരം |
| 88 | 7 | 25 | ലോകാനാം അജ്ഞാതായ നമഃ | ലോകങ്ങൾക്ക് അജ്ഞാതനായ ഭഗവാന് നമസ്കാരം |
| 89 | 7 | 26 | ത്രികാലജ്ഞായ നമഃ | മൂന്നുകാലങ്ങളെയും (ഭൂതം, വർത്തമാനം, ഭാവി) അറിയുന്ന ഭഗവാന് നമസ്കാരം |
| 90 | 7 | 29 | കൃത്സ്നാധ്യാത്മാഖിലകർമ്മബ്രഹ്മണേ നമഃ | സമസ്തമായ അന്തരാത്മാവും സമസ്തകർമ്മവുമായ ബ്രഹ്മസ്വരൂപനായ ഭഗവാന് നമസ്കാരം |
| 91 | 7 | 30 | സാധിഭൂതാധിദൈവായ നമഃ | അധിഭൂതമായും അധിദൈവമായുമിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 92 | 7 | 30 | സാധിയജ്ഞായ നമഃ | യജ്ഞാദി ദേവതാസ്വരൂപമായിരിയ്ക്കുന്നതായ ഭഗവാന് നമസ്കാരം |
| 93 | 8 | 3 | അക്ഷരായ നമഃ | നാശമില്ലാത്ത ഭഗവാന് നമസ്കാരം |
| 94 | 8 | 3 | പരമായ നമഃ | അത്യുൽകൃഷ്ടനും ബ്രഹ്മസ്വരൂപനുമായ ഭഗവാന് നമസ്കാരം |
| 95 | 8 | 4 | അധിയജ്ഞായ നമഃ | യജ്ഞമെന്നു പറയപ്പെടുന്ന സകലകർമ്മങ്ങളെയും നടത്തുന്ന ഭഗവാന് നമസ്കാരം |
| 96 | 8 | 8 | ദിവ്യായ നമഃ | ദിവ്യനായ ഭഗവാന് നമസ്കാരം |
| 97 | 8 | 8 | പരമപുരുഷായ നമഃ | പരമപുരുഷനായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 98 | 8 | 9 | കവയേ നമഃ | സർവജ്ഞനായ ഭഗവാന് നമസ്കാരം |
| 99 | 8 | 9 | അനുശാസിത്രേ നമഃ | കർമ്മാനുസരണം ശാസിയ്ക്കുന്നവനായ ഭഗവാന് നമസ്കാരം |
| 100 | 8 | 9 | സർവസ്യ ധാത്രേ നമഃ | എല്ലാവരുടെയും കർമ്മഫലത്തെ നല്കുന്നവനായ ഭഗവാന് നമസ്കാരം |
| 101 | 8 | 9 | അണോരണിയാംസേ നമഃ | അണുവിനേക്കാൾ അത്യന്തം അണുപ്രായനായ ഭഗവാന് നമസ്കാരം |
| 102 | 8 | 9 | പുരാണായ നമഃ | പുരാതനനായ ഭഗവാന് നമസ്കാരം |
| 103 | 8 | 9 | അചിന്ത്യരൂപായ നമഃ | ചിന്തിയ്ക്കാൻ കഴിയാത്ത സ്വരൂപത്തോടുകൂടിയവനായ ഭഗവാന് നമസ്കാരം |
| 104 | 8 | 9 | തമസഃ പരസ്താത് സ്ഥിതായ നമഃ | തമസ്സിനെ അതിക്രമിച്ചിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 105 | 8 | 9 | ആദിത്യവർണ്ണായ നമഃ | ആദിത്യനെപ്പോലെ ചൈതന്യപ്രകാശമുള്ള ഭഗവാന് നമസ്കാരം |
| 106 | 8 | 10 | പരസ്മൈ പുരുഷായ നമഃ | പരമപുരുഷനായ ഭഗവാന് നമസ്കാരം |
| 107 | 8 | 13 | ഓംകാരായ നമഃ | പ്രണവസ്വരൂപനായ  ഭഗവാന് നമസ്കാരം |
| 108 | 8 | 13 | പരമഗതിപ്രദായകായ നമഃ | പരമപദത്തെ പ്രദാനം ചെയ്യുന്ന ഭഗവാന് നമസ്കാരം |
| 109 | 8 | 14 | അനന്യചേതസാ നിത്യശഃ സ്മരദ്ഭിഃ നിത്യയുക്തൈഃ യോഗിഭിഃ സുലഭായ നമഃ | അന്യവിചാരമില്ലാത്ത മനസ്സോടുകൂടി എന്നും സ്മരിയ്ക്കുന്ന നിത്യയുക്തന്മാരായ യോഗികൾക്ക് സുഖമായി ലഭിയ്ക്കാവുന്ന ഭഗവാന് നമസ്കാരം |
| 110 | 8 | 16 | പുനരാവൃത്തിരഹിതലോകദാത്രേ നമഃ | പുനർജന്മമില്ലാത്ത ലോകത്തെ നൽകുന്ന ഭഗവാന് നമസ്കാരം |
| 111 | 8 | 20 | സനാതനായ നമഃ | സനാതനനായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | **ഭഗവന്നാമങ്ങൾ** | **അർത്ഥം മലയാളത്തിൽ** |
|---|---|---|---|---|
| 112 | 8 | 20 | സർവഭൂതേഷു നശ്യത്സ്വപി നാശരഹിതായ നമഃ | എല്ലാഭൂതങ്ങളും നശിയ്ക്കുമ്പോഴും നാശമില്ലാതിരിയ്ക്കുന്ന സനാതനനായ ഭഗവാന് നമസ്കാരം |
| 113 | 8 | 21 | പരമഗതയേ നമഃ | അത്യുത്തമപ്രാപ്യസ്ഥാനമായ ഭഗവാന് നമസ്കാരം |
| 114 | 8 | 21 | പുനരാവൃത്തിരഹിതധാമ്നേ നമഃ | പുനർജന്മമില്ലാത്ത ലോകത്തെ നൽകുന്ന ഭഗവാന് നമസ്കാരം |
| 115 | 8 | 22 | അനന്യയാ ഭക്ത്യാ ലഭ്യായ നമഃ | അന്യഭാവത്തോടുകൂടാത്ത ഭക്തിയാൽ മാത്രം പ്രാപ്യനായ ഭഗവാന് നമസ്കാരം |
| 116 | 8 | 22 | യേന ഇദം സർവം വ്യാപൃതം തസ്മൈ നമഃ | യാതൊരുവനാൽ ഇത് സകലതും വ്യാപിയ്ക്കപ്പെട്ടിരിയ്ക്കുന്നുവോ ആ ഭഗവാന് നമസ്കാരം |
| 117 | 9 | 4 | യേന ഇദം സർവം ജഗത് തതം തസ്മൈ നമഃ | യാതൊരുവനാൽ ജഗത്തെല്ലാം വ്യാപിയ്ക്കപ്പെട്ടിരിയ്ക്കുന്നുവോ ആ ഭഗവാന് നമസ്കാരം |
| 118 | 9 | 4 | യസ്മിൻ സർവഭൂതാന്യവസ്ഥിതഃ തസ്മൈ നമഃ | യാതൊന്നിൽ എല്ലാ ജീവികളും സ്ഥിതി ചെയ്യുന്നുവോ ആ ഭഗവാന് നമസ്കാരം |
| 119 | 9 | 4 | സർവഭൂതാത്മനേ നമഃ | എല്ലാ ജീവികളുടെയും ആത്മാവായിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 120 | 9 | 5 | ഭൂതഭാവനായ നമഃ | എല്ലാ ജീവികളുടെയും സ്രോതസ്സായ ഭഗവാന് നമസ്കാരം |
| 121 | 9 | 5 | ഭൂതഭൃതേ നമഃ | എല്ലാ ജീവികളുടെയും രക്ഷകനായ ഭഗവാന് നമസ്കാരം |
| 122 | 9 | 11 | ഭൂതമഹേശ്വരായ നമഃ | എല്ലാ ജീവികളുടെയും പരമനിയന്താവായ  ഭഗവാന് നമസ്കാരം |
| 123 | 9 | 13 | ഭൂതാദയേ നമഃ | പരമപുരുഷനായ ഭഗവാന് നമസ്കാരം |
| 124 | 9 | 13 | മഹാത്മഭിഃ അനന്യമനസാ ഭജ്യമാനായ നമഃ | മഹാത്മാക്കളാൽ ഏകാഗ്രമായ മനസ്സോടുകൂടി ധ്യാനിയ്ക്കപ്പെടുന്ന ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 125 | 9 | 16 | ക്രതുസ്വരൂപായ നമഃ | ക്രതുസ്വരൂപനായ ഭഗവാന് നമസ്കാരം |
| 126 | 9 | 16 | യജ്ഞരൂപായ നമഃ | യജ്ഞസ്വരൂപനായ ഭഗവാന് നമസ്കാരം |
| 127 | 9 | 16 | സ്വധാരൂപായ നമഃ | സ്വധാസ്വരൂപിയായ ഭഗവാന് നമസ്കാരം |
| 128 | 9 | 16 | ഔഷധരൂപായ നമഃ | യജ്ഞങ്ങളിൽ അന്നരൂപനായ ഭഗവാന് നമസ്കാരം |
| 129 | 9 | 16 | മന്ത്രസ്വരൂപായനമഃ | യജ്ഞങ്ങളിൽ മന്ത്രരൂപനായ ഭഗവാന് നമസ്കാരം |
| 130 | 9 | 16 | ഹുതാജ്യാദിസ്വരൂപായ നമഃ | യജ്ഞങ്ങളിൽ ഹോമരൂപനായും ആജ്യരൂപനായും (യാഗാഗ്നിയിൽ ഒഴിയ്ക്കപ്പെടുന്ന നെയ്യായും) വിളങ്ങുന്ന ഭഗവാന് നമസ്കാരം |
| 131 | 9 | 16 | അഗ്നിരൂപായ നമഃ | യജ്ഞങ്ങളിൽ അഗ്നിരൂപനായി വിളങ്ങുന്ന ഭഗവാന് നമസ്കാരം |
| 132 | 9 | 17 | ജഗതഃ പിത്രേ നമഃ | ജഗത്തിന്റെ പിതാവായ ഭഗവാന് നമസ്കാരം |
| 133 | 9 | 17 | ജഗതഃ പിതാമഹായ  നമഃ | ജഗത്തിന്റെ പിതാമഹനായ ഭഗവാന് നമസ്കാരം |
| 134 | 9 | 17 | ജഗതഃ മാത്രേ നമഃ | ജഗത്തിന്റെ മാതാവായ ഭഗവാന് നമസ്കാരം |
| 135 | 9 | 17 | ജഗതഃ ധാത്രേ നമഃ | ജഗത്തിന്റെ പോഷകനായ ഭഗവാന് നമസ്കാരം |
| 136 | 9 | 17 | വേദ്യായ നമഃ | അറിയപ്പെടേണ്ടവനായ ഭഗവാന് നമസ്കാരം |
| 137 | 9 | 17 | ഋക്സാമയജുഷേ നമഃ | ഋക്, യജുസ്, സാമം എന്നീ മൂന്നുവേദങ്ങളുടെ സ്വരൂപമായ ഭഗവാന് നമസ്കാരം |
| 138 | 9 | 17 | പവിത്രായ നമഃ | എല്ലാറ്റിനെയും പവിത്രീകരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 139 | 9 | 18 | ഗതയേ നമഃ | പ്രാപ്യനായ ഭഗവാന് നമസ്കാരം |
| 140 | 9 | 18 | ഭർത്രേ  നമഃ | പാലകനായ ഭഗവാന് നമസ്കാരം |
| 141 | 9 | 18 | സാക്ഷിണേ  നമഃ | സാക്ഷിയായ ഭഗവാന് നമസ്കാരം |
| 142 | 9 | 18 | നിവാസായ  നമഃ | സർവഭൂതവാസസ്ഥാനമായ ഭഗവാന് നമസ്കാരം |
| 143 | 9 | 18 | സുഹൃദേ  നമഃ | സുഹൃത്തായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | **ഭഗവന്നാമങ്ങൾ** | **അർത്ഥം മലയാളത്തിൽ** |
|---|---|---|---|---|
| 144 | 9 | 18 | ശരണ്യായ നമഃ | ദുഃഖനിവൃത്തിയ്ക്കുള്ള ശരണസ്ഥാനീയനായ ഭഗവാന് നമസ്കാരം |
| 145 | 9 | 18 | പ്രഭവപ്രലയസ്ഥാനായ നമഃ | പ്രഭവസ്ഥാനവും, പ്രളയസ്ഥാനവുമായ ഭഗവാന് നമസ്കാരം |
| 146 | 9 | 18 | നിധാനായ നമഃ | സ്ഥിതിസ്ഥാനവും അധിഷ്ഠാനവുമായ ഭഗവാന് നമസ്കാരം |
| 147 | 9 | 18 | അവ്യയബീജായ നമഃ | നാശമില്ലാത്ത വിത്തായ ഭഗവാന് നമസ്കാരം |
| 148 | 9 | 19 | താപകായ നമഃ | തപിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 149 | 9 | 19 | വൃഷ്ട്യനാവൃഷ്ടികാരകായ നമഃ | വൃഷ്ടിയ്ക്കും അനാവൃഷ്ടിയ്ക്കും ഹേതുഭൂതനായ ഭഗവാന് നമസ്കാരം |
| 150 | 9 | 19 | അമൃതായ നമഃ | അമൃതസ്വരൂപനായ ഭഗവാന് നമസ്കാരം |
| 151 | 9 | 19 | മൃത്യവേ നമഃ | മൃത്യുസ്വരൂപനായ ഭഗവാന് നമസ്കാരം |
| 152 | 9 | 19 | സദസതേ നമഃ | സത്തും അസത്തുമായ ഭഗവാന് നമസ്കാരം |
| 153 | 9 | 22 | അനന്യശ്ചിന്തകോപാസകാനാം നിത്യാഭിയുക്താനാം യോഗക്ഷേമവാഹകായ നമഃ | നിരന്തരം ഭഗവാനോട് ചേർന്നവരായി അന്യഭാവനകൂടാതെ ഉപാസിയ്ക്കുന്നവരുടെ യോഗത്തെയും ക്ഷേമത്തെയും വഹിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 154 | 9 | 24 | സർവയജ്ഞാനാം ഭോക്ത്രേ നമഃ | സർവ്വയജ്ഞങ്ങളുടെയും ഭോക്താവും നേതാവും ആയ ഭഗവാന് നമസ്കാരം |
| 155 | 9 | 26 | യോ ഭക്ത്യാ ദത്തം പത്രം പുഷ്പം ഫലം തോയം അശ്നൻ തൃപ്തോ ഭവതി തസ്മൈ നമഃ | ഭക്തിയോടുകൂടി സമർപ്പിയ്ക്കപ്പെടുന്ന ഇലയോ പൂവോ ഫലമോ ജലമോ സ്വീകരിച്ച് ഏതൊരു ദേവൻ സംതൃപ്തനാവുന്നുവോ ആ ഭഗവാന് നമസ്കാരം |
| 156 | 9 | 29 | സർവഭൂതേഷു സമസ്മൈ നമഃ | സർവഭൂതങ്ങളിലും സമനായി വർത്തിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 157 | 10 | 2 | മഹർഷീണാം സുരഗണാനാം പ്രഭവായ നമഃ | മഹർഷിമാരുടെയും ദേവന്മാരുടെയും പ്രഭവസ്ഥാനമായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 158 | 10 | 2 | ദേവാനാം മഹർഷീണാം ച അവിദിതായ നമഃ | മഹർഷിമാരാലും ദേവന്മാരാലും അറിയപ്പെടാത്ത ഭഗവാന് നമസ്കാരം |
| 159 | 10 | 3 | അനാദയേ നമഃ | അനാദിയായ ഭഗവാന് നമസ്കാരം |
| 160 | 10 | 3 | ലോകമഹേശ്വരായ നമഃ | ലോകമഹേശ്വരന് നമസ്കാരം |
| 161 | 10 | 8 | സർവസ്യ പ്രഭവായ നമഃ | സകലത്തിന്റെയും സ്രോതസ്സായ ഭഗവാന് നമസ്കാരം |
| 162 | 10 | 8 | സർവസ്യ പ്രവർത്തകായ നമഃ | സകലത്തിന്റെയും പ്രവർത്തകനായ ഭഗവാന് നമസ്കാരം |
| 163 | 10 | 10 | ബുദ്ധിയോഗദായകായ നമഃ | ജ്ഞാനയോഗത്തെ നൽകുന്ന ഭഗവാന് നമസ്കാരം |
| 164 | 10 | 11 | ജ്ഞാനദീപേന അജ്ഞാനജതമോനാശകായ നമഃ | ജ്ഞാനമാകുന്ന ദീപത്താൽ അജ്ഞാനത്തെ നശിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 165 | 10 | 12 | പരബ്രഹ്മണേനമഃ | പരബ്രഹ്മസ്വരൂപനായ ഭഗവാന് നമസ്കാരം |
| 166 | 10 | 12 | പരം ധാമ്നേ നമഃ | അപ്രമേയസ്ഥാനമായ ഭഗവാന് നമസ്കാരം |
| 167 | 10 | 12 | പരമപവിത്രായ നമഃ | പരമമായ പരിശുദ്ധിയെ ജനിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 168 | 10 | 12 | പുരുഷായ നമഃ | അത്യുൽകൃഷ്ടനായ ഭഗവാന് നമസ്കാരം |
| 169 | 10 | 12 | ശാശ്വതായ നമഃ | നിത്യനായ ഭഗവാന് നമസ്കാരം |
| 170 | 10 | 12 | ആദിദേവായ നമഃ | സർവപ്രഥമദേവനായ ഭഗവാന്  നമസ്കാരം |
| 171 | 10 | 14 | ദേവൈഃ ദാനവൈരപ്യവിദിതായ നമഃ | ദേവന്മാരാലും അസുരന്മാരാലും അറിയപ്പെടാത്ത ഭഗവാന് നമസ്കാരം |
| 172 | 10 | 15 | സ്വയം ആത്മനാത്മാനം ജ്ഞാതായ നമഃ | സ്വയം തന്നാൽത്തന്നെ ആത്മാവിനെ അറിയുന്ന ഭഗവാന് നമസ്കാരം |
| 173 | 10 | 15 | പുരുഷോത്തമായ നമഃ | ഉത്തമപുരുഷനായ ഭഗവാന് നമസ്കാരം |
| 174 | 10 | 15 | ഭൂതേശായ നമഃ | ഭൂതങ്ങളെ ഉത്ഭവിപ്പിയ്ക്കുന്നവനും പ്രവർത്തിപ്പിയ്ക്കുന്നവനുമായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 175 | 10 | 15 | ദേവദേവായ നമഃ | ദേവന്മാരെ ചേഷ്ടിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 176 | 10 | 15 | ജഗത്പതയേ നമഃ | ലോകരക്ഷിതാവായ ഭഗവാന് നമസ്കാരം |
| 177 | 10 | 19 | അനന്തവിസ്തരായ ദിവ്യാത്മവിഭൂതയേ നമഃ | അവസാനമില്ലാത്ത വിസ്താരത്തോടുകൂടിയ ദിവ്യാത്മവിഭൂതികളോടുകൂടിയ ഭഗവാന് നമസ്കാരം |
| 178 | 10 | 20 | സർവഭൂതാശയസ്ഥിതായ നമഃ | സർവഭൂതങ്ങളുടെയും ബുദ്ധിഗുഹയിൽ വസിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 179 | 10 | 20 | ആത്മനേ നമഃ | ആത്മസ്വരൂപനായ ഭഗവാന് നമസ്കാരം |
| 180 | 10 | 20 | ഭൂതാനാം ആദിമധ്യാന്തായ നമഃ | സർവഭൂതങ്ങളുടെയും ആദിയും മദ്ധ്യവും അവസാനവുമായ ഭഗവാന് നമസ്കാരം |
| 181 | 10 | 21 | ആദിത്യാനാം വിഷ്ണവേ നമഃ | ആദിത്യന്മാരിൽ വിഷ്ണുവായ ഭഗവാന് നമസ്കാരം |
| 182 | 10 | 21 | ജ്യോതിഷാം രവയേ അംശുമതേ നമഃ | ജ്യോതിസ്സുകളിൽ അതിപ്രഭയോടുകൂടിയ സൂര്യനായ ഭഗവാന് നമസ്കാരം |
| 183 | 10 | 21 | മരുതാം മരീചയേ നമഃ | മരുത്തുക്കളിൽ മരീചിയായ ഭഗവാന് നമസ്കാരം |
| 184 | 10 | 21 | നക്ഷത്രാണാം ശശയേ നമഃ | രാത്രി പ്രകാശിയ്ക്കുന്ന ജ്യോതിർഗോളങ്ങളിൽ ചന്ദ്രനായ ഭഗവാന് നമസ്കാരം |
| 185 | 10 | 22 | വേദാനാം സാമവേദായ നമഃ | വേദങ്ങളിൽ സാമവേദമായ ഭഗവാന് നമസ്കാരം |
| 186 | 10 | 22 | ദേവാനാം വാസവായ നമഃ | ദേവന്മാരിൽ ഇന്ദ്രനായ ഭഗവാന് നമസ്കാരം |
| 187 | 10 | 22 | ഇന്ദ്രിയാണാം മനസേ നമഃ | ഇന്ദ്രിയങ്ങളിൽ മനസ്സായ ഭഗവാന് നമസ്കാരം |
| 188 | 10 | 22 | ഭൂതാനാം ചേതനായൈ നമഃ | എല്ലാ ജീവികളിലും ബോധസ്വരൂപനായി വർത്തിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 189 | 10 | 23 | രുദ്രാണാം ശങ്കരായ നമഃ | രുദ്രന്മാരിൽ ശങ്കരനായ ഭഗവാന് നമസ്കാരം |
| 190 | 10 | 23 | യക്ഷരക്ഷസാം വിത്തേശായ നമഃ | യക്ഷരാക്ഷസന്മാരിൽ കുബേരനായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 191 | 10 | 23 | വസൂനാം പാവകായ നമഃ | വസുക്കളിൽ അഗ്നിയായ ഭഗവാന് നമസ്കാരം |
| 192 | 10 | 23 | ശിഖരിണാം മേരവേ നമഃ | അത്യുന്നതങ്ങളായ പർവതങ്ങളിൽ മേരുവായ ഭഗവാന് നമസ്കാരം |
| 193 | 10 | 24 | പുരോധസാം മുഖ്യായ ബൃഹസ്പതയേ നമഃ | പുരോഹിതന്മാരിൽ മുഖ്യനായ ബൃഹസ്പതിയായ ഭഗവാന് നമസ്കാരം |
| 194 | 10 | 24 | സേനാനീനാം മഹതേ സ്കന്ദായ നമഃ | സൈന്യാധിപന്മാരിൽ സുബ്രഹ്മണ്യസ്വാമിയായ ഭഗവാന് നമസ്കാരം |
| 195 | 10 | 24 | സരസാം സാഗരായ നമഃ | പുണ്യതീർത്ഥങ്ങളിൽ സമുദ്രമായ ഭഗവാന് നമസ്കാരം |
| 196 | 10 | 25 | മഹർഷീണാം ഭൃഗവേ നമഃ | മഹർഷിമാരിൽ ഭൃഗുമഹർഷിയായ ഭഗവാന് നമസ്കാരം |
| 197 | 10 | 25 | ഗിരാം ഏകാക്ഷരായ നമഃ | വാക്കുകളിൽ ഏകാക്ഷരമായ ഓംകാരമായ ഭഗവാന് നമസ്കാരം |
| 198 | 10 | 25 | യജ്ഞാനാം ജപയജ്ഞായ നമഃ | യജ്ഞങ്ങളിൽ ജപയജ്ഞമായ ഭഗവാന് നമസ്കാരം |
| 199 | 10 | 25 | സ്ഥാവരാണാം ഹിമാലയായ നമഃ | സ്ഥാവരവസ്തുക്കളിൽ ഹിമാലയമായ ഭഗവാന് നമസ്കാരം |
| 200 | 10 | 26 | സർവവൃക്ഷാണാം അശ്വത്ഥായ നമഃ | വൃക്ഷങ്ങളിൽ അശ്വത്ഥമായ (ആൽവൃക്ഷമായ) ഭഗവാന് നമസ്കാരം |
| 201 | 10 | 26 | ദേവർഷീണാം നാരദായ നമഃ | ദേവർഷിമാരിൽ നാരദമഹർഷിയായ ഭഗവാന് നമസ്കാരം |
| 202 | 10 | 26 | ഗന്ധർവാണാം ചിത്രരഥായ നമഃ | ഗന്ധർവന്മാരിൽ ചിത്രരഥനായ ഭഗവാന് നമസ്കാരം |
| 203 | 10 | 26 | സിദ്ധാനാം കപിലമുനയേ നമഃ | സിദ്ധന്മാരിൽ ശ്രീകപിലമുനിയായ ഭഗവാന് നമസ്കാരം |
| 204 | 10 | 27 | അശ്വാനാം അമൃതോത്ഭവായ ഉച്ചൈശ്രവസേ നമഃ | കുതിരകളിൽ ഉച്ചൈശ്രവസ്സായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 205 | 10 | 27 | ഗജേന്ദ്രാണാം ഐരാവതായ നമഃ | ആനകളിൽ ഐരാവതമായ ഭഗവാന് നമസ്കാരം |
| 206 | 10 | 27 | നരാണാം നരാധിപായ നമഃ | മനുഷ്യരിൽ രാജാവായ ഭഗവാന് നമസ്കാരം |
| 207 | 10 | 28 | ആയുധാനാം വജ്രായ നമഃ | ആയുധങ്ങളിൽ വജ്രായുധമായ ഭഗവാന് നമസ്കാരം |
| 208 | 10 | 28 | ധേനൂനാം കാമധുഘേ നമഃ | പശുക്കളിൽ കാമധേനുവായ ഭഗവാന് നമസ്കാരം |
| 209 | 10 | 28 | പ്രജനാനാം കന്ദർപ്പായ നമഃ | ജനിപ്പിയ്ക്കുന്നവരിൽ മന്മഥനായ ഭഗവാന് നമസ്കാരം |
| 210 | 10 | 28 | സർപ്പാണാം വാസുകയേ നമഃ | സർപ്പങ്ങളിൽ വാസുകിയായ ഭഗവാന് നമസ്കാരം |
| 211 | 10 | 29 | നാഗാനാം അനന്തായ നമഃ | നാഗങ്ങളിൽ ആദിശേഷനായ ഭഗവാന് നമസ്കാരം |
| 212 | 10 | 29 | യാദസാം വരുണായ നമഃ | ജലദേവതകളിൽ വരുണനായ ഭഗവാന് നമസ്കാരം |
| 213 | 10 | 29 | പിതൃണാം അര്യമ്ണേ നമഃ | പിതൃക്കളിൽ അര്യമാവായ ഭഗവാന് നമസ്കാരം |
| 214 | 10 | 29 | സംയമതാം യമായ നമഃ | നിഗ്രഹിയ്ക്കുന്നവരിൽ യമദേവനായ ഭഗവാന് നമസ്കാരം |
| 215 | 10 | 30 | ദൈത്യാനാം പ്രഹ്ളാദായ നമഃ | അസുരന്മാരിൽ പ്രഹ്ളാദനായ ഭഗവാന് നമസ്കാരം |
| 216 | 10 | 30 | കലയതാം കാലായ നമഃ | ശുഭാശുഭങ്ങളെ ജനിപ്പിയ്ക്കുന്നവരിൽ കാലസ്വരൂപനായ ഭഗവാന് നമസ്കാരം |
| 217 | 10 | 30 | മൃഗാണാം മൃഗേന്ദ്രായ നമഃ | മൃഗങ്ങളിൽ സിംഹമായ ഭഗവാന് നമസ്കാരം |
| 218 | 10 | 30 | പക്ഷിണാം വൈനതേയായ നമഃ | പക്ഷികളിൽ ഗരുഡനായ ഭഗവാന് നമസ്കാരം |
| 219 | 10 | 31 | പാവതാം പവനായ നമഃ | ശുദ്ധി വരുത്തുന്നവരിൽ വായുവായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | **ഭഗവന്നാമങ്ങൾ** | **അർത്ഥം മലയാളത്തിൽ** |
|---|---|---|---|---|
| 220 | 10 | 31 | ശസ്ത്രഭൃതാം രാമായ നമഃ | ശസ്ത്രം എടുത്തവരിൽ ശ്രീരാമചന്ദ്രനായ ഭഗവാന് നമസ്കാരം |
| 221 | 10 | 31 | ഝഷാണാം മകരായ നമഃ | മത്സ്യങ്ങളിൽ മകരമത്സ്യമായ ഭഗവാന് നമസ്കാരം |
| 222 | 10 | 31 | സ്രോതസാം ജാഹ്നവ്യൈ നമഃ | നദികളിൽ ഗംഗയായ ഭഗവാന് നമസ്കാരം |
| 223 | 10 | 32 | സർഗ്ഗാണാം ആദിമധ്യാന്തായ നമഃ | സൃഷ്ടിയുടെ ആദിയും മദ്ധ്യവും അവസാനവുമായ ഭഗവാന് നമസ്കാരം |
| 224 | 10 | 32 | വിദ്യാനാം ആത്മവിദ്യായൈ നമഃ | വിദ്യകളിൽ അധ്യാത്മവിദ്യയായ ഭഗവാന് നമസ്കാരം |
| 225 | 10 | 32 | പ്രവദതാം വാദായ നമഃ | വാദം, ജല്പം, വിതണ്ഡം എന്നിവകളിൽ വാദം ആയ ഭഗവാന് നമസ്കാരം |
| 226 | 10 | 33 | അക്ഷരാണാം അകാരായ നമഃ | വർണ്ണങ്ങളിൽ അകാരമായ ഭഗവാന് നമസ്കാരം |
| 227 | 10 | 33 | സമാസാനാം ദ്വന്ദ്വസമാസായ നമഃ | സമാസങ്ങളിൽ ദ്വന്ദ്വസമാസമായ ഭഗവാന് നമസ്കാരം |
| 228 | 10 | 33 | അക്ഷയായ കാലായ നമഃ | നാശരഹിതനായ കാലസ്വരൂപനായ ഭഗവാന് നമസ്കാരം |
| 229 | 10 | 33 | വിശ്വതോമുഖായ നമഃ | എല്ലാ ദിശകളിലും മുഖത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 230 | 10 | 33 | ധാത്രേ നമഃ | സർവർക്കും കർമ്മഫലത്തെ കൊടുക്കുന്ന ഭഗവാന് നമസ്കാരം |
| 231 | 10 | 34 | സർവഹരായ മൃത്യവേ നമഃ | സർവ്വത്തെയും അപഹരിയ്ക്കുന്നവരിൽ മൃത്യുവായ ഭഗവാന് നമസ്കാരം |
| 232 | 10 | 34 | ഭവിഷ്യതാം ഉദ്ഭവായ നമഃ | ഭവിപ്പാനുള്ളവയിൽ അഭിവൃദ്ധിയായ ഭഗവാന് നമസ്കാരം |
| 233 | 10 | 34 | നാരീണാം കീർത്ത്യൈ നമഃ | സ്ത്രീകളിൽ  കീർത്തിരൂപിണിയായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 234 | 10 | 34 | ശ്രിയേ നമഃ | (സ്ത്രീകളിൽ) ശ്രീദേവിയായ ഭഗവാന് നമസ്കാരം |
| 235 | 10 | 34 | വാചേ നമഃ | (സ്ത്രീകളിൽ) വാക്ദേവതയായ ഭഗവാന് നമസ്കാരം |
| 236 | 10 | 34 | സ്മൃത്യൈ നമഃ | (സ്ത്രീകളിൽ) സ്മൃതിരൂപിണിയായ ഭഗവാന് നമസ്കാരം |
| 237 | 10 | 34 | മേധായൈ നമഃ | (സ്ത്രീകളിൽ) മേധാരൂപിണിയായ ഭഗവാന് നമസ്കാരം |
| 238 | 10 | 34 | ധൃത്യൈ നമഃ | (സ്ത്രീകളിൽ) ധൃതിരൂപിണിയായ ഭഗവാന് നമസ്കാരം |
| 239 | 10 | 34 | ക്ഷമായൈ നമഃ | (സ്ത്രീകളിൽ) ക്ഷമാരൂപിണിയായ ഭഗവാന് നമസ്കാരം |
| 240 | 10 | 35 | സാമ്നാം ബൃഹത്സാമായ നമഃ | രഥന്തരാദിസാമങ്ങളിൽ ബൃഹൽസാമമായ ഭഗവാന് നമസ്കാരം |
| 241 | 10 | 35 | ഛന്ദസാം ഗായത്ര്യൈ നമഃ | ഛന്ദസ്സുകളിൽ ഗായത്രിയായ ഭഗവാന് നമസ്കാരം |
| 242 | 10 | 35 | മാസാനാം മാർഗ്ഗശീർഷായ നമഃ | മാസങ്ങളിൽ മാർഗശീർഷം (ധനു) ആയ ഭഗവാന് നമസ്കാരം |
| 243 | 10 | 35 | ഋതൂനാം കുസുമാകരായ നമഃ | ഋതുക്കളിൽ വസന്തമായ ഭഗവാന് നമസ്കാരം |
| 244 | 10 | 36 | ഛലയതാം ദ്യൂതായ നമഃ | കപടവിദ്യകളിൽ ചൂതുകളിയായ ഭഗവാന് നമസ്കാരം |
| 245 | 10 | 36 | തേജസ്വിനാം തേജസേ നമഃ | തേജസ്വികളിലെ തേജസ്സായ ഭഗവാന് നമസ്കാരം |
| 246 | 10 | 36 | ജയായ വ്യവസായായ നമഃ | ഉദ്യമികളായ ജേതാക്കളിലെ ജയമായ ഭഗവാന് നമസ്കാരം |
| 247 | 10 | 36 | സത്വവതാം സത്വായ നമഃ | സത്വവാന്മാരിലെ സത്വഗുണമായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 248 | 10 | 37 | വൃഷ്ണീനാം വാസുദേവായ നമഃ | വൃഷ്ണികളിൽ വാസുദേവനായ ഭഗവാന് നമസ്കാരം |
| 249 | 10 | 37 | പാണ്ഡവാനാം ധനഞ്ജയായ നമഃ | പാണ്ഡവന്മാരിൽ അർജ്ജുനനായ ഭഗവാന് നമസ്കാരം |
| 250 | 10 | 37 | മുനീനാം വ്യാസായ നമഃ | മുനിമാരിൽ വ്യാസമഹർഷിയായ ഭഗവാന് നമസ്കാരം |
| 251 | 10 | 37 | കവീനാം ഉശനസേ നമഃ | കവികളിൽ ശുക്രാചാര്യനായ ഭഗവാന് നമസ്കാരം |
| 252 | 10 | 38 | ദമയതാം ദണ്ഡായ നമഃ | ദുഷ്ടന്മാരെ ശിക്ഷിയ്ക്കുന്നവരുടെ ദണ്ഡനം എന്ന ക്രിയയായ ഭഗവാന് നമസ്കാരം |
| 253 | 10 | 38 | ജിഗീഷതാം നീതയേ നമഃ | ജയിപ്പാനാഗ്രഹിയ്ക്കുന്നവരുടെ ശാസ്ത്രാനുസരണമായ ധർമ്മമാർഗ്ഗമായ ഭഗവാന് നമസ്കാരം |
| 254 | 10 | 38 | ഗുഹ്യാനാം മൌനായ നമഃ | ഗുഹ്യങ്ങളിൽ മൗനശീലമായ ഭഗവാന് നമസ്കാരം |
| 255 | 10 | 38 | ജ്ഞാനവതാം ജ്ഞാനായ നമഃ | ജ്ഞാനമുള്ളവരുടെ ജ്ഞാനമായ ഭഗവാന് നമസ്കാരം |
| 256 | 10 | 39 | സർവഭൂതാനാം ബീജായ നമഃ | സകലഭൂതങ്ങളുടെയും ആദികാരണമായ ഭഗവാന് നമസ്കാരം |
| 257 | 10 | 39 | സർവചരാചരഭൂതായ നമഃ | ചരവും അചരവുമായ എല്ലാ വസ്തുക്കളിലും സന്നിഹിതനായ ഭഗവാന് നമസ്കാരം |
| 258 | 10 | 42 | ജഗത്കൃത്സ്നം ഏകാംശേന വിഷ്ടഭ്യ സ്ഥിതായ നമഃ | സമസ്തമായ ജഗത്തിനെ ഏകാംശംകൊണ്ട് വ്യാപിച്ച് സ്ഥിതി ചെയ്യുന്ന ഭഗവാന് നമസ്കാരം |
| 259 | 11 | 2 | അവ്യയമാഹാത്മ്യായ നമഃ | നാശമില്ലാത്ത മാഹാത്മ്യത്തോടുകൂടിയ ഭഗവാന് നമസ്ക്കാരം |
| 260 | 11 | 2 | കമലപത്രാക്ഷായ നമഃ | താമരക്കണ്ണനായ ഭഗവാന് നമസ്ക്കാരം |
| 261 | 11 | 3 | പരമേശ്വരായ നമഃ | പരമേശ്വരനായ ഭഗവാന് നമസ്ക്കാരം |
| 262 | 11 | 4 | യോഗേശ്വരായ നമഃ | യോഗേശ്വരനായ ഭഗവാന് നമസ്ക്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 263 | 11 | 5 | നാനാവിധാനി ദിവ്യാനി നാനാവർണ്ണാകൃതീനി അനേകാശ്ചര്യരൂപാണി ധൃത്വാ പാർത്ഥായ വിശ്വരൂപം പ്രകടിതവതേ നമഃ | നാനാവിധത്തിലുള്ളവയും ബഹുവർണ്ണങ്ങളിലും ആകൃതികളിലുമുള്ളവയുമായ അനേകാശ്ചര്യരൂപങ്ങൾ ധരിച്ച് അർജ്ജുനന് വിശ്വരൂപത്തെ കാണിച്ചുകൊടുത്ത ഭഗവാന് നമസ്കാരം |
| 264 | 11 | 7 | സചരാചരജഗത്കൃത്സ്നൈകദേഹായ നമഃ | ചരങ്ങളും അചരങ്ങളുമായ ലോകം മുഴുവനും ഒരു ദേഹത്തിൽ ധരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 265 | 11 | 8 | വിശ്വരൂപദർശനാർത്ഥം പാർത്ഥായ ദിവ്യം ചക്ഷുഃ ദത്തവതേ നമഃ | വിശ്വരൂപം കാണുവാനായി അർജ്ജുനന് ദിവ്യങ്ങളായ കണ്ണുകളെ നൽകിയ ഭഗവാന് നമസ്കാരം |
| 266 | 11 | 9 | മഹായോഗേശ്വരായ നമഃ | മഹായോഗേശ്വരനായ ഭഗവാന് നമസ്കാരം |
| 267 | 11 | 9 | പരമൈശ്വരരൂപായ നമഃ | പരമൈശ്വര്യസ്വരൂപനായ ഭഗവാന് നമസ്കാരം |
| 268 | 11 | 9 | ഹരയേ നമഃ | ശ്രീഹരിയ്ക്ക് നമസ്കാരം |
| 269 | 11 | 10 | അനേകവക്ത്രനയനായ നമഃ | അനേകം മുഖങ്ങളോടും നയനങ്ങളോടും കൂടിയ ഭഗവാന് നമസ്കാരം |
| 270 | 11 | 10 | അനേകാദ്ഭുതദർശനായ നമഃ | അനേകം അത്ഭുതദർശനങ്ങൾ പ്രകടിപ്പിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 271 | 11 | 10 | അനേകദിവ്യാഭരണായ നമഃ | അനേകം ദിവ്യാഭരണങ്ങളോടു കൂടിയ ഭഗവാന് നമസ്കാരം |
| 272 | 11 | 10 | അനേകോദ്യതദിവ്യായുധായ നമഃ | അനേകം ഉയർത്തിപ്പിടിച്ച ആയുധങ്ങളോടു കൂടിയ ഭഗവാന് നമസ്കാരം |
| 273 | 11 | 11 | ദിവ്യമാലാംബരധരായ നമഃ | ദിവ്യങ്ങളായ മാല്യങ്ങളും വസ്ത്രങ്ങളും ധരിച്ച ഭഗവാന് നമസ്കാരം |
| 274 | 11 | 11 | ദിവ്യഗന്ധാനുലേപനായ നമഃ | ദിവ്യഗന്ധങ്ങളുള്ള അനുലേപനങ്ങളോടു കൂടിയ ഭഗവാന് നമസ്കാരം |
| 275 | 11 | 11 | സർവാശ്ചര്യമയായ നമഃ | സർവാശ്ചര്യങ്ങളും നിറഞ്ഞ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 276 | 11 | 11 | അനന്തായ നമഃ | അപരിച്ഛിന്നനായ ഭഗവാന് നമസ്കാരം |
| 277 | 11 | 11 | ദേവായ നമഃ | എങ്ങും പ്രകാശത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 278 | 11 | 12 | ദിവ്യസൂര്യസഹസ്രസദൃശഭാസകായ നമഃ | ആയിരം ദിവ്യസൂര്യസദൃശപ്രകാശത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 279 | 11 | 12 | മഹാത്മനേ നമഃ | മഹത്തായ രൂപത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 280 | 11 | 13 | അനേകധാ പ്രവിഭക്തം കൃത്സ്നം ജഗത് ഏകസ്ഥം ദർശയിതവതേ നമഃ | ബഹുവിധത്തിൽ വിഭജിയ്ക്കപ്പെട്ട സമസ്തലോകങ്ങളും ഒരിടത്തിരിയ്ക്കുന്നതായി കാണിച്ചുകൊടുത്ത വിശ്വരൂപനായ ഭഗവാന് നമസ്കാരം |
| 281 | 11 | 16 | അനേകബാഹൂദരവക്ത്രനേത്രായ നമഃ | അസംഖ്യങ്ങളായ കയ്യുകൾ, ഉദരങ്ങൾ, മുഖങ്ങൾ, കണ്ണുകൾ എന്നിവകളോടുകൂടിയ ഭഗവാന് നമസ്കാരം |
| 282 | 11 | 16 | സർവതോഽനന്തരൂപായ നമഃ | എങ്ങും എണ്ണമറ്റ രൂപങ്ങളോടുകൂടിയ ഭഗവാന് നമസ്കാരം |
| 283 | 11 | 16 | ആദിമധ്യാന്തരഹിതായ നമഃ | ആദിയും മദ്ധ്യവും അവസാനവും ഇല്ലാത്ത ഭഗവാന് നമസ്കാരം |
| 284 | 11 | 16 | വിശ്വേശ്വരായ നമഃ | വിശ്വേശ്വരനായ ഭഗവാന് നമസ്കാരം |
| 285 | 11 | 16 | വിശ്വരൂപായ നമഃ | വിശ്വരൂപനായ ഭഗവാന് നമസ്കാരം |
| 286 | 11 | 17 | കിരീടിനേ നമഃ | കിരീടം ധരിച്ച ഭഗവാന് നമസ്കാരം |
| 287 | 11 | 17 | ഗദിനേ നമഃ | ഗദ ധരിച്ച ഭഗവാന് നമസ്കാരം |
| 288 | 11 | 17 | ചക്രിണേ നമഃ | ചക്രം ധരിച്ച ഭഗവാന് നമസ്കാരം |
| 289 | 11 | 17 | സർവതോദീപ്തിമതേ തേജോരാശയേ നമഃ | എല്ലാ ഭാഗത്തേയ്ക്കും പ്രകാശം പരത്തുന്ന തേജഃപുഞ്ജമായ ഭഗവാന് നമസ്കാരം |
| 290 | 11 | 17 | അപ്രമേയായ നമഃ | അപരിച്ഛേദ്യനായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 291 | 11 | 17 | ദുർനിരീക്ഷ്യായ നമഃ | നിരീക്ഷിയ്ക്കാൻ പ്രയാസമുള്ള ഭഗവാന് നമസ്കാരം |
| 292 | 11 | 17 | സമന്താദ്ദീപ്താനലാർക്കദ്യുതയേ നമഃ | എല്ലാ ഭാഗത്തും അത്യന്തം ജ്വലിയ്ക്കുന്ന സൂര്യാഗ്നികളുടെ ശോഭയോടുകൂടിയ ഭഗവാന് നമസ്കാരം |
| 293 | 11 | 18 | വേദിതവ്യായ നമഃ | അറിയപ്പെടേണ്ടതായ ഭഗവാന് നമസ്കാരം |
| 294 | 11 | 18 | വിശ്വസ്യ പരസ്മൈ നിധാനായ നമഃ | ലോകത്തിന്റെ പ്രധാന അധിഷ്ഠാനമായ ഭഗവാന് നമസ്കാരം |
| 295 | 11 | 18 | ശാശ്വതധർമ്മഗോപ്ത്രേ നമഃ | നാശമില്ലാത്ത വേദോക്തധർമ്മങ്ങളുടെ രക്ഷിതാവായ ഭഗവാന് നമസ്കാരം |
| 296 | 11 | 19 | അനാദിമധ്യാന്തായ നമഃ | ആദിമദ്ധ്യാവസാനങ്ങളില്ലാത്ത ഭഗവാന് നമസ്കാരം |
| 297 | 11 | 19 | അനന്തവീര്യായ നമഃ | അപാരമായ വീര്യത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 298 | 11 | 19 | അനന്തബാഹവേ നമഃ | അസംഖ്യം കയ്യുകളോട കൂടിയ ഭഗവാന് നമസ്കാരം |
| 299 | 11 | 19 | ശശിസൂര്യനേത്രായ നമഃ | സൂര്യചന്ദ്രന്മാരാകുന്ന കണ്ണുകളോടു കൂടിയ ഭഗവാന് നമസ്കാരം |
| 300 | 11 | 19 | സ്വതേജസാ വിശ്വമിദം തപതേ നമഃ | തന്റെ തേജസ്സിനാൽ ഈ ലോകത്തെയാകെ തപിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 301 | 11 | 19 | ദീപ്തഹുതാശവക്ത്രായ നമഃ | ഉജ്ജ്വലിയ്ക്കുന്ന അഗ്നിയ്ക്ക് തുല്യമായ, മുഖത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 302 | 11 | 20 | ദ്യാവാപൃഥ്വ്യോരന്തരം സർവാഃ ദിശാശ്ച വ്യാപ്തായ നമഃ | ഭൂമിയുടെയും അന്തരീക്ഷത്തിന്റെയും മദ്ധ്യം മുഴുവനും സകല ദിക്കുകളും വ്യാപിച്ചുനിൽക്കുന്ന ഭഗവാന് നമസ്കാരം |
| 303 | 11 | 20 | ലോകത്രയം പ്രവ്യഥിതേ നമഃ | മൂന്നുലോകങ്ങളെയും വ്യാകുലപ്പെടുത്തുന്ന രൂപത്തോടുകൂടിയ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 304 | 11 | 20 | അദ്ഭുതോഗ്രരൂപായ നമഃ | അത്ഭുതകരവും ഉഗ്രവുമായ രൂപത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 305 | 11 | 21 | പ്രാഞ്ജലിഭിഃ മഹർഷിസിദ്ധസങ്ഘൈഃ പുഷ്കലാഭിഃ സ്തുതിഭിഃ സ്തൂയമാനായ നമഃ | കയ്യുകൾ കൂപ്പിക്കൊണ്ട് മഹർഷിമാരുടെയും സിദ്ധന്മാരുടെയും സംഘങ്ങളാൽ പൂർണ്ണാർത്ഥങ്ങളോടുകൂടിയ സ്തോത്രങ്ങളാൽ സ്തുതിയ്ക്കപ്പെടുന്ന ഭഗവാന് നമസ്കാരം |
| 306 | 11 | 23 | ബഹുവക്ത്രനേത്രായ നമഃ | അനേകം മുഖങ്ങളോടും കണ്ണുകളോടും കൂടിയ ഭഗവാന് നമസ്കാരം |
| 307 | 11 | 23 | മഹാബാഹവേ നമഃ | അനേകം ബാഹുക്കളോടു കൂടിയ ഭഗവാന് നമസ്കാരം |
| 308 | 11 | 23 | മഹദ്രൂപായ നമഃ | മഹത്തായ രൂപത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 309 | 11 | 23 | ബഹുബാഹൂരുപാദായ നമഃ | അനേകം ബാഹുക്കൾ, തുടകൾ, പാദങ്ങൾ എന്നിവകളോടുകൂടിയ ഭഗവാന് നമസ്കാരം |
| 310 | 11 | 23 | ബഹൂദരായ നമഃ | അനേകം ഉദരങ്ങളോടുകൂടിയ ഭഗവാന് നമസ്കാരം |
| 311 | 11 | 23 | ബഹുകരാളദംഷ്ട്രായ നമഃ | അനേകം ഭയങ്കരങ്ങളായ ദംഷ്ട്രങ്ങളോടുകൂടിയ ഭഗവാന് നമസ്കാരം |
| 312 | 11 | 24 | നഭഃസ്പൃശായ നമഃ | ആകാശം തൊട്ടു നിൽക്കുന്ന ഭഗവാന് നമസ്കാരം |
| 313 | 11 | 24 | ദീപ്തായ നമഃ | ജ്വലിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 314 | 11 | 24 | വ്യാത്താനനായ നമഃ | വിസ്തരിയ്ക്കപ്പെട്ട മുഖങ്ങളോടുകൂടിയ ഭഗവാന് നമസ്കാരം |
| 315 | 11 | 24 | ദീപ്തവിശാലനേത്രായ നമഃ | പ്രകാശിയ്ക്കുന്ന വിശാലനേത്രങ്ങളോടുകൂടിയ ഭഗവാന് നമസ്കാരം |
| 316 | 11 | 24 | അനേകവർണ്ണായ നമഃ | അനേകവർണ്ണങ്ങളിലുള്ള രൂപങ്ങളോടുകൂടിയ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 317 | 11 | 25 | കാലാനലസന്നിഭമുഖായ നമഃ | പ്രളയാഗ്നിസമാനങ്ങളായ മുഖങ്ങളോടുകൂടിയ ഭഗവാന് നമസ്കാരം |
| 318 | 11 | 25 | ദേവേശായ നമഃ | ദേവന്മാരുടെ ഈശ്വരനായ ഭഗവാന് നമസ്കാരം |
| 319 | 11 | 25 | ജഗന്നിവാസായ നമഃ | ലോകങ്ങളുടെ വാസഭൂതനായ ഭഗവാന് നമസ്കാരം |
| 320 | 11 | 30 | ജ്വലദ്ഭിഃ വദനൈഃ സമന്താത് സമഗ്രാൻ ലോകാൻ ഗ്രസമാനായ നമഃ | ഉജ്ജ്വലിയ്ക്കുന്ന മുഖങ്ങൾകൊണ്ട് നാലുഭാഗങ്ങളിൽനിന്നും പ്രവേശിയ്ക്കുന്ന സകല ലോകങ്ങളെയും വിഴുങ്ങുന്ന ഭഗവാന് നമസ്കാരം |
| 321 | 11 | 30 | തേജോഭിഃ സമഗ്രം ജഗത് ആപൂര്യ ഉഗ്രൈഃ ഭാസൈഃ പ്രതപതേ നമഃ | സമസ്തലോകത്തെയും തേജസ്സുകൾകൊണ്ട് നിറച്ച് പ്രചണ്ഡതേജസ്സുകളാൽ ഏറ്റവും തപിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 322 | 11 | 31 | ഉഗ്രരൂപായ നമഃ | ഉഗ്രരൂപനായ ഭഗവാന് നമസ്കാരം |
| 323 | 11 | 31 | ദേവവരായ നമഃ | ദേവശ്രേഷ്ഠനായ ഭഗവാന് നമസ്കാരം |
| 324 | 11 | 32 | ലോകക്ഷയകൃതേ നമഃ | ലോകങ്ങളുടെ നാശങ്ങളെ ചെയ്യുന്ന ഭഗവാന് നമസ്കാരം |
| 325 | 11 | 32 | കാലരൂപായ നമഃ | കാലരൂപനായ ഭഗവാന് നമസ്കാരം |
| 326 | 11 | 37 | ആദികർത്രേ നമഃ | ആദികർത്താവായ ഭഗവാന് നമസ്കാരം |
| 327 | 11 | 37 | ഗരീയസേ നമഃ | ഏറ്റവും ആരാദ്ധ്യനായ ഭഗവാന് നമസ്കാരം |
| 328 | 11 | 38 | പുരാണപുരുഷായ നമഃ | പുരാണപുരുഷനായ ഭഗവാന് നമസ്കാരം |
| 329 | 11 | 38 | വേത്ത്രേ നമഃ | എല്ലാം അറിയുന്ന ഭഗവാന് നമസ്കാരം |
| 330 | 11 | 38 | പരംധാമ്നേ നമഃ | പരമപദസ്ഥാനമായ ഭഗവാന് നമസ്കാരം |
| 331 | 11 | 38 | അനന്തരൂപായ നമഃ | അനന്തരൂപങ്ങളോടുകൂടിയ ഭഗവാന് നമസ്കാരം |
| 332 | 11 | 38 | വിശ്വസ്മൈ നമഃ | വിശ്വരൂപനുമായ ഭഗവാന് നമസ്കാരം |
| 333 | 11 | 39 | വായുർയമോ്ഗ്നിർവരുണഃശ്ശശാങ്കഃപ്രജാപതിഃ പ്രപിതാമഹഃസ്വരൂപായ നമഃ | വായുവും യമനും അഗ്നിയും വരുണനും ചന്ദ്രനും ബ്രഹ്മാവും വിഷ്ണുവുമെല്ലാമായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 334 | 11 | 40 | അമിതവിക്രമായ നമഃ | അവധിയറ്റ വീര്യത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 335 | 11 | 40 | സർവവ്യാപിനേ നമഃ | സർവവ്യാപിയായ ഭഗവാന് നമസ്കാരം |
| 336 | 11 | 41 | യാദവകൃഷ്ണായ നമഃ | യദുവംശജാതനായ ശ്രീകൃഷ്ണനായ ഭഗവാന് നമസ്കാരം |
| 337 | 11 | 41 | അർജ്ജുനസഖ്യേ നമഃ | അർജ്ജുനന്റെ സുഹൃത്തായ ഭഗവാന് നമസ്കാരം |
| 338 | 11 | 43 | ചരാചരസ്യ ലോകസ്യ പിത്രേ പൂജ്യായ ഗരീയസേ ഗുരവേ നമഃ | സ്ഥാവരജംഗമാത്മകമായ ലോകത്തിന്റെ പിതാവും, പൂജ്യനും മഹാനായ ഗുരുവുമായ ഭഗവാന് നമസ്കാരം |
| 339 | 11 | 43 | ലോകത്രയേऽപ്യപ്രതിമപ്രഭാവായ നമഃ | മൂന്നുലോകങ്ങളിലും ഉപമയില്ലാത്ത പ്രഭാവത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 340 | 11 | 44 | ഈഡ്യായ നമഃ | സ്തുത്യനായ ഭഗവാന് നമസ്കാരം |
| 341 | 11 | 44 | ഈശായ നമഃ | ഈശ്വരനായ ഭഗവാന് നമസ്കാരം |
| 342 | 11 | 45 | സഹസ്രബാഹവേ നമഃ | ആയിരം ബാഹുക്കളോടുകൂടിയ ഭഗവാന് നമസ്കാരം |
| 343 | 11 | 46 | ചക്രഹസ്തായ നമഃ | ചക്രം കൈകളിൽ ധരിച്ച ഭഗവാന് നമസ്കാരം |
| 344 | 11 | 46 | ചതുർഭുജായ നമഃ | നാലു കൈകളോടുകൂടിയ ഭഗവാന് നമസ്കാരം |
| 345 | 11 | 47 | തേജോമയായ നമഃ | പ്രകാശാത്മകനായ ഭഗവാന് നമസ്കാരം |
| 346 | 11 | 47 | അനാദ്യന്തവിശ്വരൂപായ നമഃ | ആദിയും അന്തവുമില്ലാത്ത വിശ്വരൂപനായ ഭഗവാന് നമസ്കാരം |
| 347 | 11 | 48 | വേദയജ്ഞാധ്യയനൈർദാനൈർക്രിയാഭിരുഗ്രതപോഭിഃ ദ്രഷ്ടുമശക്യായ നമഃ | വേദങ്ങളുടെയും യജ്ഞങ്ങളുടെയും അദ്ധ്യയനങ്ങൾകൊണ്ടും ധ്യാനങ്ങൾകൊണ്ടും കർമ്മാനുഷ്ഠാനങ്ങൾകൊണ്ടും കഠിനങ്ങളായ തപസ്സുകൾകൊണ്ടും കാണുവാൻ സാധിയ്ക്കാത്തതായ വിശ്വരൂപനായ ഭഗവാന് നമസ്കാരം |
| 348 | 11 | 50 | സൌമ്യവപുഷേ നമഃ | സൗമ്യമൂർത്തിയായ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 349 | 11 | 52 | ദേവോ്യപി നിത്യം ദർശനം കാങ്ക്ഷതേ സുദുർദർശരൂപായ നമഃ | ദേവന്മാർ പോലും നിത്യവും ദർശനം കാംക്ഷിയ്ക്കുന്ന, അത്യന്തം കഷ്ടപ്പെട്ട് മാത്രം കാണ്മാൻ സാധിയ്ക്കുന്ന രൂപത്തോടുകൂടിയ ഭഗവാന് നമസ്കാരം |
| 350 | 11 | 54 | അനന്യയാ ഭക്ത്യാ ഏവ ജ്ഞാതും ദ്രഷ്ടും പ്രവിഷ്ടും ശക്യായ ഭഗവതേ നമഃ | അന്യഭാവനയില്ലാത്തതായ ഭക്തികൊണ്ടു മാത്രം അറിയാനും കാണുവാനും പ്രവേശിയ്ക്കാനും സാധിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 351 | 12 | 3 | അനിർദേശ്യായ നമഃ | വാക്കുകൊണ്ട് പറയുവാൻ കഴിയാത്തതും അവ്യക്തവുമായ ഭഗവാന് നമസ്കാരം |
| 352 | 12 | 3 | സർവത്രഗായ നമഃ | സർവവ്യാപിയായ ഭഗവാന് നമസ്കാരം |
| 353 | 12 | 3 | കൂടസ്ഥായ നമഃ | വികാരമില്ലാത്തതും നാശമില്ലാത്തതുമായ ഭഗവാന് നമസ്കാരം |
| 354 | 12 | 3 | ധ്രുവായ നമഃ | ശാശ്വതനായ ഭഗവാന് നമസ്കാരം |
| 355 | 12 | 7 | കൃഷ്ണാവേശിതചേതസാം മൃത്യുസാഗരാത് സമുദ്ധർത്രേ നമഃ | ശ്രീകൃഷ്ണനിൽ സ്ഥാപിയ്ക്കപ്പെട്ട മനസ്സോടുകൂടിയവരെ മരണരൂപമായ സംസാരസാഗരത്തിൽനിന്നും ഉയർത്തുന്ന ഭഗവാന് നമസ്കാരം |
| 356 | 12 | 20 | ഭക്തപ്രിയായ നമഃ | ഭക്തവത്സലനായ ഭഗവാന് നമസ്കാരം |
| 357 | 13 | 1 | പ്രകൃത്യൈ നമഃ | ഭഗവത്ശക്തിയായ പ്രകൃതിയ്ക്ക് നമസ്കാരം |
| 358 | 13 | 1 | ക്ഷേത്രജ്ഞായ നമഃ | ക്ഷേത്രത്തെ (ശരീരത്തെയും വിഷയങ്ങളെയും അന്തഃകരണത്തെയും) അറിയുന്ന ക്ഷേത്രജ്ഞനായ ഭഗവാന് നമസ്കാരം |
| 359 | 13 | 1 | ജ്ഞാനായ നമഃ | അറിവിന്റെ സ്വരൂപമായ ഭഗവാന് നമസ്കാരം |
| 360 | 13 | 1 | ജ്ഞേയായ നമഃ | അറിയപ്പെടേണ്ട ഭഗവാന് നമസ്കാരം |
| 361 | 13 | 5 | ഋഷിഭി വിവിധൈഃ ഛന്ദോഭിഃ ബ്രഹ്മസൂത്രൈശ്ച ബഹുധാ ഗീതായ നമഃ | ഋഷിവര്യന്മാരാൽ വിവിധങ്ങളായ വേദവാക്യങ്ങളാലും ബ്രഹ്മസൂത്രപദങ്ങളാലും ബഹുവിധത്തിൽ കീർത്തിയ്ക്കപ്പെടുന്ന ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 362 | 13 | 14 | സർവതഃ പാണിപാദായ നമഃ | സർവത്ര കൈകളും കാലുകളുമുള്ള ഭഗവാന് നമസ്കാരം |
| 363 | 13 | 14 | സർവതോ ശിരോമുഖായ നമഃ | സർവത്ര ശിരസ്സുകളും മുഖങ്ങളും നേത്രങ്ങളുമുള്ള ഭഗവാന് നമസ്കാരം |
| 364 | 13 | 14 | സർവതഃ ശ്രുതിമതേ നമഃ | സർവത്ര ശ്രോത്രങ്ങളുള്ള ഭഗവാന് നമസ്കാരം |
| 365 | 13 | 14 | സർവലോകാവൃതായ നമഃ | സർവലോകങ്ങളേയും വ്യാപിച്ചിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 366 | 13 | 15 | സർവേന്ദ്രിയഗുണാഭാസായ നമഃ | സർവ്വേന്ദ്രിയങ്ങളുടെയും ഗുണങ്ങളെ പ്രകാശിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 367 | 13 | 15 | സർവേന്ദ്രിയവിവർജ്ജിതായ നമഃ | സർവ്വേന്ദ്രിയങ്ങളെയും വിട്ടിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 368 | 13 | 15 | അസക്തായ നമഃ | ഒന്നിനോടും ചേർച്ചയില്ലാത്ത ഭഗവാന് നമസ്കാരം |
| 369 | 13 | 15 | നിർഗ്ഗുണായ നമഃ | ഗുണസംബന്ധമില്ലാത്ത ഭഗവാന് നമസ്കാരം |
| 370 | 13 | 15 | ഗുണഭോക്ത്രേ നമഃ | ഗുണങ്ങളെ അനുഭവിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 371 | 13 | 16 | ചരായ അചരായ ച നമഃ | ചരിയ്ക്കുന്നതും ചരിയ്ക്കാത്തതുമായ ഭഗവാന് നമസ്കാരം |
| 372 | 13 | 16 | ഭൂതാനാം ബഹിരന്തസ്ഥായ  നമഃ | ഭൂതങ്ങളുടെ പുറത്തും ഉള്ളിലുമുള്ളതായ ഭഗവാന് നമസ്കാരം |
| 373 | 13 | 16 | സൂക്ഷ്മത്വാത് അവിജ്ഞേയായ നമഃ | സൂക്ഷ്മഭാവം ഹേതുവായിട്ട് അറിയപ്പെടുവാനാവാത്ത ഭഗവാന് നമസ്കാരം |
| 374 | 13 | 16 | ദൂരസ്ഥായ അന്തികേƒപിസ്ഥിതായ നമഃ | ദൂരത്തും അരികിലുമിരിയ്ക്കുന്നതായ ഭഗവാന് നമസ്കാരം |
| 375 | 13 | 17 | ഭൂതേഷു വിഭക്തമിവസ്ഥിതായ അവിഭക്തായ നമഃ | ഭൂതങ്ങളിൽ വിഭജിയ്ക്കപ്പെട്ടതുപോലെ ഇരിയ്ക്കുന്നതും എന്നാൽ വിഭജിയ്ക്കപ്പെടാത്തതുമായ ഭഗവാന് നമസ്കാരം |
| 376 | 13 | 17 | ഭൂതഭർത്രേ നമഃ | ഭൂതങ്ങളെ ഭരിയ്ക്കുന്ന ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 377 | 13 | 17 | ഗ്രസിഷ്ണവേ നമഃ | ഭൂതങ്ങളെ ഗ്രസിയ്ക്കുന്ന ശീലമുള്ള ഭഗവാന് നമസ്കാരം |
| 378 | 13 | 17 | പ്രഭവിഷ്ണവേ നമഃ | ഭൂതങ്ങളുടെ പ്രഭുവായ ഭഗവാന് നമസ്കാരം |
| 379 | 13 | 18 | തമസഃ പരസ്മൈ നമഃ | അജ്ഞാനത്തിൽനിന്ന് ഭിന്നവും ജ്യോതിസ്സുകൾക്കും ജ്യോതിസ്സുമായ ഭഗവാന് നമസ്കാരം |
| 380 | 13 | 18 | ജ്യോതിഷാം ജ്യോതിഷേ നമഃ | ജ്യോതിസ്സുകൾക്കും ജ്യോതിസ്സായ ഭഗവാന് നമസ്കാരം |
| 381 | 13 | 18 | ജ്ഞാനഗമ്യായ നമഃ | അറിവിനാൽ പ്രാപിയ്ക്കപ്പെടേണ്ട ഭഗവാന് നമസ്കാരം |
| 382 | 13 | 18 | ഹൃദി സർവസ്യധിഷ്ഠിതായ നമഃ | എല്ലാവരുടെയും ഹൃദയത്തിൽ വിശേഷേണ വസിയ്ക്കുന്നതായ ഭഗവാന് നമസ്കാരം |
| 383 | 13 | 23 | ഉപദ്രഷ്ട്രേ നമഃ | എല്ലാം കാണുന്ന ഭഗവാന് നമസ്കാരം |
| 384 | 13 | 23 | അനുമന്ത്രേ നമഃ | അനുമതി നൽകുന്ന ഭഗവാന് നമസ്കാരം |
| 385 | 13 | 23 | ഭർത്രേ നമഃ | എല്ലാം ഭരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 386 | 13 | 23 | ഭോക്ത്രേ നമഃ | എല്ലാം ഭുജിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 387 | 13 | 23 | മഹേശ്വരായ നമഃ | മഹേശ്വരനായ ഭഗവാന് നമസ്കാരം |
| 388 | 13 | 23 | പരമാത്മനേ നമഃ | പരമാത്മാവായ ഭഗവാന് നമസ്കാരം |
| 389 | 13 | 25 | യോ യോഗിഭിഃ ധ്യാനേന ആത്മനി ആത്മനാത്മാനം ദൃശ്യതേ തസ്മൈ നമഃ | ഏതൊരു ദേവനെ യോഗികൾ ധ്യാനത്തിൽ തെളിഞ്ഞ ബുദ്ധിയിൽ സ്വയം ആത്മാവായിട്ട് കാണുന്നുവോ ആ ഭഗവാന് നമസ്കാരം |
| 390 | 13 | 25 | യസ്സാങ്ഖ്യയോഗേന കർമ്മയോഗേന ച പ്രാപ്തവ്യസ്തസ്മൈ നമഃ | ഏതൊരും ദേവൻ സാംഖ്യയോഗത്താലും കർമ്മയോഗത്താലും പ്രാപിയ്ക്കപ്പെടേണ്ടവനാണോ ആ ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 391 | 13 | 26 | ശ്രുതിപരായണാനാം ഭക്താനാം ഉപാസനാഫലദായകായ മൃത്യുതാരകായ നമഃ | വേദപരായണന്മാരായ ഭക്തന്മാർക്ക് അവരുടെ ഉപാസനാഫലത്തെ നൽകുന്നവനും അവരെ മരണത്തെ തരണം ചെയ്യിയ്ക്കുന്നവനുമായ ഭഗവാന് നമസ്കാരം |
| 392 | 13 | 28 | സർവേഷുഭൂതേഷു സമം തിഷ്ഠതേ നമഃ | സർവഭൂതങ്ങളിലും സമാനയിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 393 | 13 | 28 | വിനശ്യത്സു അവിനശ്യതേ നമഃ | നശിയ്ക്കുന്ന വസ്തുക്കളിൽ നാശമില്ലാത്തവനായിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 394 | 13 | 29 | സർവത്ര സമവസ്ഥിതായ സമസ്മൈ നമഃ | സർവത്ര സമ്യക്കാകും വിധം വസിയ്ക്കുന്ന ഏകരസസ്വരൂപനായ ഭഗവാന് നമസ്കാരം |
| 395 | 13 | 30 | പ്രകൃത്യൈവ കർമ്മാണീ സർവശഃ ക്രിയമാണായ അകർത്രേ നമഃ | പ്രകൃതിയാൽത്തന്നെ കർമ്മങ്ങളെല്ലാം ചെയ്യപ്പെടുന്നവനായിക്കണ്ട് കർത്താവല്ലാതിരിക്കുന്ന ഭഗവാന് നമസ്കാരം |
| 396 | 13 | 31 | ഭൂതപൃഥക്ഭാവേ ഏകസ്ഥായ നമഃ | ഭൂതങ്ങളുടെ ഭിന്നഭാവങ്ങളിൽ ഏകസ്ഥനായിരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 397 | 13 | 32 | ശരീരസ്ഥോഽപി അകർത്രേ നമഃ | ശരീരത്തിലിരിയ്ക്കുന്നവനാണെങ്കിലും ഒന്നും ചെയ്യാത്തവനും ഒന്നിനാലും സ്പർശിയ്ക്കപ്പെടാത്തവനുമായ ഭഗവാന് നമസ്കാരം |
| 398 | 13 | 32 | അലേപ്യായ നമഃ | ശരീരത്തിലിരിയ്ക്കുന്നവനാണെങ്കിലും ഒന്നും ചെയ്യാത്ത ഭഗവാന് നമസ്കാരം |
| 399 | 13 | 33 | സർവത്ര ദേഹേ അവസ്ഥിതായ അനുപലിപ്യായ നമഃ | ഒന്നിനാലും സ്പർശിയ്ക്കപ്പെടാത്ത ഭഗവാന് നമസ്കാരം |
| 400 | 13 | 34 | കൃത്സ്നം ക്ഷേത്രം പ്രകാശയതേ നമഃ | സമസ്തക്ഷേത്രങ്ങളേയും (ശരീരാദികളേയും) പ്രകാശിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 401 | 13 | 34 | ക്ഷേത്രിണേ നമഃ | ക്ഷേത്രജ്ഞനായ ഭഗവാന് നമസ്കാരം |
| 402 | 14 | 3 | സർവഭൂതാനാം ഗർഭധാരകായ നമഃ | സർവഭൂതങ്ങളുടെയും ബീജങ്ങളെ ഗർഭത്തിൽ ധരിയ്ക്കുന്ന ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 403 | 14 | 4 | മഹത്ബ്രഹ്മണി ബീജപ്രദായ ജഗത്പിത്രേ നമഃ | മഹത്തായ ബ്രഹ്മത്തിന് ബീജങ്ങളെ പ്രദാനം ചെയ്യുന്ന ലോകപിതാവായ ഭഗവാന് നമസ്കാരം |
| 404 | 14 | 19 | ഗുണേഭ്യഃ പരസ്മൈ ശുദ്ധസത്വസ്വരൂപായ നമഃ | ഗുണങ്ങളിൽ നിന്ന് വേറിട്ട് ശുദ്ധസത്വസ്വരൂപനായി വർത്തിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 405 | 14 | 20 | ത്രിഗുണവിമുക്തായ നമഃ | മൂന്നു ഗുണങ്ങളിൽനിന്നും വേറിട്ടുനിൽക്കുന്ന ഭഗവാന് നമസ്കാരം |
| 406 | 14 | 20 | അമൃതപദദായകായ നമഃ | അമൃതപദത്തെ നൽകുന്ന ഭഗവാന് നമസ്കാരം |
| 407 | 14 | 26 | അവ്യഭിചാരേണ ഭക്തിയോഗേന സേവ്യമാനായ നമഃ | അന്യവിചാരത്തോടുകൂടാത്ത ഭക്തിയോഗത്താൽ സേവിയ്ക്കപ്പെടുന്ന ഭഗവാന് നമസ്കാരം |
| 408 | 14 | 26 | ഗുണാതീതായ നമഃ | ഗുണങ്ങളെ അതിക്രമിച്ചുനിൽക്കുന്ന ഭഗവാന് നമസ്കാരം |
| 409 | 14 | 27 | ധർമ്മായ നമഃ | ധർമ്മസ്വരൂപനായ ഭഗവാന് നമസ്കാരം |
| 410 | 14 | 27 | ഐകാന്തികസുഖായ നമഃ | പരമസുഖസ്വരൂപനായ ഭഗവാന് നമസ്കാരം |
| 411 | 15 | 4 | യസ്മിൻ ഗതാഃ ന ഭൂയഃ നിവർത്തതേ തത് പരിമാർഗ്ഗിതപദദായകായ നമഃ | ഏതൊരു പദം പ്രാപിച്ചാൽ വീണ്ടും ജനിമരണചക്രത്തിലേയ്ക്ക് മടക്കമില്ലയോ അന്വേഷിയ്ക്കാൻ യോഗ്യമായ ആ പദത്തെ നൽകുന്ന ആദിപുരുഷനായ ഭഗവാന് നമസ്കാരം |
| 412 | 15 | 4 | ആദ്യായ നമഃ | ആദിയിലേ ഉള്ള ഭഗവാന് നമസ്കാരം |
| 413 | 15 | 11 | യതന്തൈഃ യോഗിഭിഃ പശ്യതേ ആത്മന്യവസ്ഥിതായ നമഃ | പരിശ്രമിയ്ക്കുന്നവരായ യോഗികളാൽ ആത്മാവിൽ അവസ്ഥിതനായി കാണപ്പെടുന്ന ഭഗവാന് നമസ്കാരം |
| 414 | 15 | 12 | ആദിത്യചന്ദ്രാഗ്നി തേജോഭിഃ അഖിലജഗത്ഭാസകായ നമഃ | സൂര്യൻ, ചന്ദ്രൻ, അഗ്നി എന്നീ തേജസ്സുകളാൽ ലോകത്തെ പ്രകാശിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 415 | 15 | 13 | ഗാമാവിശ്യ ഓജസാ സർവഭൂതധാരകായ നമഃ | ഭൂമിയെയും ജലത്തെയും വ്യാപിച്ച് തന്റെ ശക്തിയാൽ എല്ലാ ഭൂതങ്ങളെയും ധരിയ്ക്കുന്ന ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| 416 | 15 | 13 | രസാത്മകഃ സോമോ ഭൂത്വാ സർവൌഷധീപോഷകായ നമഃ | രസസ്വരൂപനായ ചന്ദ്രനായി ഭവിച്ചിട്ട് സകല ഔഷധങ്ങളെയും പോഷിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 417 | 15 | 14 | വൈശ്വാനരോ ഭൂത്വാ പ്രാണാപാനസമായുക്തഃ ചതുർവിധാന്നം പചതേ നമഃ | അഗ്നിയായി ഭവിച്ചിട്ട് പ്രാണൻ, അപാനൻ എന്നീ വായുക്കളോടു ചേർന്നിട്ട് നാലുവിധമായ അന്നങ്ങളെയും ദഹിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 418 | 15 | 15 | സർവസ്യ ഹൃദിസന്നിവിഷ്ടായ സ്മൃതിർജ്ഞാനാപോഹനകാരകായ നമഃ | എല്ലാവരുടെയും ഹൃദയങ്ങളിൽ സമ്യക്കായി പ്രവേശിച്ചിട്ട് ഓർമ്മയും അറിവും വിസ്മൃതിയും അജ്ഞാനവും ഉണ്ടാക്കുന്ന ഭഗവാന് നമസ്കാരം |
| 419 | 15 | 15 | വേദാന്തകൃതേ നമഃ | വേദാന്തത്തെ പ്രകാശിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 420 | 15 | 15 | വേദവിദേ നമഃ | വേദജ്ഞനായ ഭഗവാന് നമസ്കാരം |
| 421 | 15 | 15 | സർവൈഃ വേദൈഃ വേദ്യായ നമഃ | എല്ലാ വേദങ്ങളാലും അറിയപ്പെടേണ്ട ഭഗവാന് നമസ്കാരം |
| 422 | 15 | 17 | ലോകത്രയഭർത്രേ നമഃ | മൂന്നുലോകങ്ങളെയും ഭരിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 423 | 15 | 15 | ഈശ്വരായ നമഃ | ഈശ്വരനായ ഭഗവാന് നമസ്കാരം |
| 424 | 15 | 18 | ക്ഷരാതീതായ നമഃ | നാശമുള്ളവയെ അതിക്രമിച്ച ഭഗവാന് നമസ്കാരം |
| 425 | 15 | 18 | അക്ഷരാദുത്തമായ നമഃ | നാശമില്ലാത്തവയെക്കാൾ ഉത്തമനായ ഭഗവാന് നമസ്കാരം |
| 426 | 15 | 18 | ലോകേ വേദേ ച പ്രഥിതായ നമഃ | പുരാണങ്ങളിലും വേദങ്ങളിലും പ്രസിദ്ധനായ ഭഗവാന് നമസ്കാരം |
| 427 | 16 | 5 | ഭക്താനാം വിമോക്ഷായ ദൈവീസമ്പത്പ്രദായകായ നമഃ | ഭക്തന്മാരുടെ സംസാരബന്ധവിമുക്തിയ്ക്കായിട്ട് ദൈവീസമ്പത്ത് നൽകുന്ന ഭഗവാന് നമസ്കാരം |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | **ഭഗവന്നാമങ്ങൾ** | **അർത്ഥം മലയാളത്തിൽ** |
|---|---|---|---|---|
| 428 | 17 | 23 | ഓം തത് സത് ഇത്യഭിധേയായ നമഃ | ഓം, തത്, സത് എന്നീ നാമങ്ങളോടുകൂടിയ പരബ്രഹ്മസ്വരൂപനായ ഭഗവാന് നമസ്കാരം |
| 429 | 18 | 1 | കേശിനിഷൂദനായ നമഃ | കേശി എന്ന അസുരനെ വധിച്ച ഹൃഷീകേശനാമധാരിയായ ഭഗവാന് നമസ്കാരം |
| 430 | 18 | 61 | സർവഭൂതാനാം ഹൃദ്ദേശേ തിഷ്ഠതേ നമഃ | എല്ലാ ജീവികളുടെയും ഹൃദയദേശത്തിൽ കുടി കൊള്ളുന്ന ഭഗവാന് നമസ്കാരം |
| 431 | 18 | 62 | സർവഭാവേന പ്രപന്നാനാം ശാശ്വതപരമശാന്തിസ്ഥാനപ്രദായകായ നമഃ | ഈശ്വരൻ തന്നെ എല്ലാം എന്ന ഭാവത്തിൽ ശരണം പ്രാപിയ്ക്കുന്നവർക്ക് ശാശ്വതവും പരമശാന്തിപ്രദായകവുമായ സ്ഥാനത്തെ നൽകുന്ന ഭഗവാന് നമസ്കാരം |
| 432 | 18 | 66 | സർവധർമ്മപരിത്യാഗിനാം അനന്യശരണാഗതാനാം സർവപാപമോചകായ നമഃ | സകലധർമ്മങ്ങളേയും പരിത്യജിച്ച് ഈശ്വരനല്ലാതെ മറ്റാരും ഗതിയില്ലെന്നറിഞ്ഞു ശരണം പ്രാപിയ്ക്കുന്നവരെ എല്ലാ പാപങ്ങളിൽ നിന്നും മോചിപ്പിയ്ക്കുന്ന ഭഗവാന് നമസ്കാരം |
| 433 | 18 | 69 | ഗീതോപദേശകപ്രിയതമായ നമഃ | ഗീതോപദേശം ചെയ്യുന്നവരിൽ പ്രിയമുള്ള ഭഗവാന് നമസ്കാരം |
| 434 | 18 | 71 | സശ്രദ്ധാഗീതാശ്രോതൄണാം ശുഭലോകപ്രദായകായ നമഃ | സശ്രദ്ധം ഗീതയെ ശ്രവിയ്ക്കുന്നവർക്ക് ശുഭലോകങ്ങളെ പ്രദാനം ചെയ്യുന്ന ഭഗവാന് നമസ്കാരം |
| 435 | 18 | 77 | അദ്ഭുതരൂപായ നമഃ | അത്ഭുതരൂപനായഭഗവാന് നമസ്കാരം |
| | | | | |
| | | | **യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർത്ഥോ ധനുർധരഃ തത്ര ശ്രീർവിജയോഭൂതിർധ്രുവാ നീതിർമ്മതിർമമ** | **യോഗങ്ങളുടെ ഫലദാതാവായ ശ്രീകൃഷ്ണനും വില്ലാളിവീരനായ അർജ്ജുനനും ഏതു പക്ഷത്തിലുണ്ടോ അവിടെയാണ് ഇളക്കമില്ലാത്ത നീതിയും രാജ്യലക്ഷ്മിയും വിജയവും ഐശ്വര്യവും എന്നാണെന്റെ അഭിപ്രായം** |
| | | | | |
| | | | **ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ** | **ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ** |
| | | | | |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| | | | ഓം തത് സത് | ഓം തത് സത് |
| | | | | |
| | | | ശ്രീകൃഷ്ണാർപ്പണമസ്തു | ശ്രീകൃഷ്ണപാദാരവിന്ദങ്ങളിൽ ഈ നാമാവലി ഭക്തിപൂർവ്വം സമർപ്പിയ്ക്കുന്നു. |
| | | | | |
| | | | സർവാപരാധാനി ക്ഷമ്യതാം | സർവ പിഴകളും പൊറുത്തനുഗ്രഹിച്ചാലും |
| | | | | |
| | | | കായേന വാചാ മനസേന്ദ്രിയൈർവാ ബുദ്ധ്യാത്മനാ വാ പ്രകൃതേർസ്വഭാവാത് കരോമി യത് യത് സകലം പരസ്മൈ നാരായണായേതി സമർപ്പയാമി | പ്രകൃത്യാ സ്വഭാവത്തിന് അനുസരിച്ച് വാക്ക്, മനസ്സ്, ഇന്ദ്രിയങ്ങൾ, ബുദ്ധി, ആത്മാവ് എന്നിവകളാൽ എന്തെന്ത് ചെയ്യുന്നുവോ അതൊക്കെയും സർവാന്തര്യാമിയായിരിയ്ക്കുന്ന പരമപുരുഷനായ നാരായണനായിക്കൊണ്ട് തന്നെ ഞാൻ സമർപ്പിയ്ക്കുന്നു. |
| | | | | |
| | | | നമഃ ശിവായൈ ച നമഃ ശിവായ | ശ്രീപാർവതീദേവിയ്ക്കും പരമേശ്വരനും നമസ്കാരം |
| | | | | |
| | | | ലോകാഃ സമസ്താഃ സുഖിനോ ഭവന്തു | ലോകങ്ങൾക്കെല്ലാം സുഖം ഭവിയ്ക്കട്ടെ |
| | | | | |
| | | | കൃഷ്ണകൃപയാ നാമസമാഹരണം - മഠത്തിൽ നരേന്ദ്രൻ | ശ്രീകൃഷ്ണകൃപയാൽ നാമസമാഹരണം - മഠത്തിൽ നരേന്ദ്രൻ |
| | | | | |

| ക്രമസംഖ്യ | അദ്ധ്യായം | ശ്ലോകം | ഭഗവന്നാമങ്ങൾ | അർത്ഥം മലയാളത്തിൽ |
|---|---|---|---|---|
| | | | **കൃതജ്ഞതാ - ശ്രീ മോഹൻ ചേറ്റൂർ, സംപൂജ്യ സ്വാമി ശിവാനന്ദ സരസ്വതി (സിദ്ധാശ്രമം, ആലത്തൂർ, പാലക്കാട്), സംപൂജ്യ സ്വരൂപാനന്ദ സരസ്വതി (ശിവാനന്ദ ആശ്രമം, പാലക്കാട്)** | **കൃതജ്ഞതാ - ശ്രീ മോഹൻ  ചേറ്റൂർ, സംപൂജ്യ സ്വാമി ശിവാനന്ദ സരസ്വതി (സിദ്ധാശ്രമം, ആലത്തൂർ, പാലക്കാട്), സംപൂജ്യ സ്വരൂപാനന്ദ സരസ്വതി, (ശിവാനന്ദാശ്രമം, പാലക്കാട്)** |